Reg. No. T. 125. പത്രാധിപർ: ആർ. കൃഷ്ണൻനായർ Licence No 680. Dated 22-9-1949.

# വികടകേസരി

## രാഷ്ട്രീയ വിനോദമാസിക




ഇവിടെ കഴിയുന്നത്ര വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട് ശ്രീ. പനമ്പള്ളി.

ഒററപ്രതി 3 ണ.

തിരുവോണമഹോത്സവം പ്രമാണിച്ചു്

ചിങ്ങം 8-ാം / ആഗസ്റ്റ് 24-ാം തീയതി മുതൽ പ്രദർശനം ആരംഭിക്കുന്നു

# തിരുവനന്തപുരം ശ്രീകുമാറിൽ

ശ്രീകൃഷ്ണാ പ്രൊഡക്ഷൻസ്



# ചന്ദ്രിക

മലയാള ചിത്രം

സ്റ്റുഡിയോ:

വാഹനി

ഡയറക്ഷൻ:-

വി. എസ്. രാഘവൻ

ഡാൻസ്:

ലളിത—പത്മിനി

രാഗിണി

**Also at**

എറണാകുളം — മേനകാ

തലശ്ശേരി — മുകുന്ദ്

കോട്ടയം — രാജ്മഹാൾ

കോഴിക്കോട്ട് — രാധാ

ആലപ്പുഴ — കോസ്റ്റൽ

കണ്ണൂർ — ജവഹർ

കൊല്ലം — S. M. P.

AZAD.

**Central Pictures Release.**

# VIKATAKESARI

വാല്യം 1 | ആററിങ്ങൽ, ചിങ്ങം 1126 | ലക്കം 10

കേസരിവീക്ഷണം

## നവവത്സരാശംസ

“എന്നെപ്പോലെവാ നീയും” എന്നിങ്ങനെയാണു വിധവകൾ പുതുതായി കല്യാണം കഴിക്കുന്ന പെൺകൊച്ചുങ്ങളെ തലയിൽതൊട്ടനുഗ്രഹിക്കുന്നതു്. അതുപോലെ പഞ്ഞംപിടിച്ച ആടിമാസത്തിന്റെ അനുഗ്രഹവും വാങ്ങിക്കൊണ്ടു പുതുവത്സരവും പൊന്നുംചിങ്ങമാസവും വന്നുചേർന്നിരിക്കുന്നു. 125-ന്റെ അനുഗ്രഹം 126-നു ഒരു വിധവയുടെ അനുഗ്രഹമായിട്ടാണു് ഞങ്ങൾ കാണുന്നതു്. അതെന്താണങ്ങനെ പറഞ്ഞതു്? മന്ത്രിമാർ മോശമാണോ? അവരുടെ ഭരണം മോശമാണോ? മോശമാണെങ്കിൽ പിന്നെ അവർ രണ്ടുകൊല്ലം ഭരിച്ചതെങ്ങനെ? അവർക്കെതിരായി അവിശ്വാസപ്രമേയം വരാത്തതെന്തു? എന്നിങ്ങനെ ഓരോന്നു ചോദിച്ചേക്കുന്നവരാം. മന്ത്രിമാരെ പററി ഞങ്ങൾക്കു പണ്ടേ നല്ല അഭിപ്രായമാണു്. ദമയന്തീസ്വയംവരത്തിനു പോകാൻ ദേവലോകത്തുനിന്നും നളവേഷം കെട്ടിവന്ന ദേവന്മാരെപ്പോലിരിക്കുന്നു മന്ത്രിമാർ. നല്ല വേഷം! നല്ല അഭിനയം! നല്ല അഴകു്. ചിലർ അവരുടെ സ്വന്തം പല്ലുതന്നെയും പറിച്ചു മാററി ഈ അഴകു ശരിപ്പെടുത്തിയിരിക്കുന്നു. സമയത്തിനു ആഹാരവും തേച്ചുകുളിക്കാൻ എണ്ണയും സോപ്പും ഒക്കെക്കൂടിയായപ്പോൾ എല്ലാ മന്ത്രിയുടെയും നിറവും തരവും പാടെ മാറിയിട്ടുണ്ടു്. ഇപ്പോൾ അവരെക്കണ്ടാൽ അവർ അവരുടെ ആ എങ്ങോ കിടക്കുന്ന അഡ്രസ്സില്ലാത്ത തന്തയാന്മാരുടെ മോന്മാരാണെന്നു മുഖത്തു കണ്ണുള്ളവനു പറയാൻ സാദ്ധ്യമല്ല.

ഓരോ മന്ത്രിയും ഈ കഴിഞ്ഞ ഒരുകൊല്ലത്തിനുള്ളിൽ നടത്തിയ പ്രസംഗങ്ങളും പ്രതിജ്ഞകളും എന്തു പറയാം. ഭൂമിയില്ലാത്തവനു ഭൂമിയും ആഹാരമില്ലാത്തവനു ആഹാരവും വസ്ത്രമില്ലാത്തവനു വസ്ത്രവും വാരിക്കോരിക്കൊടുക്കുമെന്നു സകല മന്ത്രിയും തോരാതെ പ്രസംഗിക്കുന്നു. പക്ഷെ കൊടുത്തതു മുഴുവൻ സ്വന്തം ഭാര്യയ്ക്കും ബന്ധുക്കൾക്കും സ്നേഹിതന്മാരായ എം. എൽ. ഏ. മാർക്കുമായിരുന്നു. ജനങ്ങൾ മുട്ടുംകെട്ടിപ്പിടിച്ചു എല്ലും തോലുമായി. കുത്തിയിരിക്കുമ്പോൾ അവരുടെ കാൽമുട്ടുകൾ വായ്ക്കകത്തായിപ്പോകുന്നു. അതുതന്നെ ആഹാരം. കുത്തിയിരിക്കുന്ന സ്ഥലംതന്നെ ഭൂമി. ചുററുമുള്ള വായുമണ്ഡലമാണു് വസ്ത്രം. അങ്ങനെ അന്നവസ്ത്രാദികളുടെ കാര്യം ഭംഗിയായി.

ഇനി നീതിന്യായപരിപാലനകാര്യമാണു്. അക്കഥ പറയാനില്ല. കളത്തൂപ്പുഴ ടി. ബി-യിൽ മുതൽ ശബരിമല ടെംബിളിൽവരെ ജനങ്ങൾക്കു സ്വാതന്ത്ര്യം അനുവദിച്ചതു് ഈ ഭരണത്തിൻകീഴിലായിരുന്നല്ലോ. ആർക്കും ആരെയും എന്തിനെയും എവിടെയും എന്തും ചെയ്യാം. എന്നുള്ളതാണല്ലോ സ്വാതന്ത്ര്യം. മന്ത്രി

യെ കെട്ടിടത്തിൽ കടന്നുചെന്നു ആക്ഷേപിക്കാം. മന്ത്രിയുടെ കാർ ആർക്കും അനുവാദംചോദിക്കാതെ കൈവശപ്പെടുത്താം, അതിൽ കൈബോംബു എറിയാം, രാത്രികാലത്തു് ഏതു സ്ത്രീയെയും ആർക്കും പ്രാപിക്കാം, ഏതു അമ്പലവും തീകൊളുത്താം, ഏതു കുടിയനെയും കേസുനടക്കെ നിരപരാധിയാണെന്നു പറഞ്ഞു മന്ത്രിക്കു രക്ഷിക്കാം, ഏതു ഡിസ്റ്റിലറിയും എത്രകാലത്തേക്കും ലേലംചെയ്യാതെ കൊടുക്കാം, ഏതു പാർട്ടിക്കാരുമായും എങ്ങിനെയും രാജിയാക്കാം, ഏതു ഉപതെരഞ്ഞെടുപ്പിലും മന്ത്രിമാർക്കു ഇടപെടാം. ഏതു അഴിമതിക്കാരനായ പൊലീസുദ്യോഗസ്ഥനും മെഡൽ കൊടുക്കാം, എത്ര ടെക്സ്റ്റുബുക്കും ഒരുത്തനു നൽകി ആദായം ഉണ്ടാക്കാം, ഏതു മന്ത്രിമന്ദിരത്തിലും ആർക്കും തൂങ്ങിച്ചാകാം, എത്ര ചാക്കു പഞ്ചസാരയും താണമാലയനുകൊടുത്തു ആദായമടിക്കാം. ഏതു ജനകീയ പ്രക്ഷോഭണവും വകവയ്ക്കാതിരിക്കാം, എല്ലാ ഹിന്ദുമണ്ഡലക്കാരെയും രാജ്യദ്രോഹികളാക്കി മുദ്രയടിക്കാം, ഏതു ക്രിസ്തീയ സംഘടനയും കാൺഗ്രസ്സാണെന്നു വകവയ്ക്കാം, എന്തിനേറെ പറയുന്നു ഇങ്ങനെ എന്തെല്ലാം സ്വാതന്ത്ര്യമാണു് ഈ മന്ത്രിസഭയുടെ വാഴ്ചക്കാലത്തു നമുക്കു അനുഭവപ്പെട്ടിരിക്കുന്നതു്.

ഇന്നത്തെ മന്ത്രിമാരുടെ തൊലിക്കട്ടിയുടെ മുമ്പിൽ കാണ്ടാമൃഗങ്ങൾ തല താഴ്ത്തിനില്ക്കുന്ന കാഴ്ചയാണു് ഞങ്ങളെ പുളകം കൊള്ളിച്ച മറെറാരു മഹാസംഭവം! മരണശേഷം ഇവരുടെ തോലുരിച്ചു ലോകത്തുള്ള അഞ്ചു പ്രധാന കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിക്കപ്പെടുമെന്നു ഒരു രാഷ്ട്രീയവക്താവു പറയുന്നു. ഈ രാജ്യത്തിനു ഏററവും അഭിമാനകരമായ ഒരു സംഗതിയാണതു്. അങ്ങനെ മരണശേഷം കിട്ടുന്ന ബഹുമതിയിൽ ഒന്നാം സമ്മാനം പനമ്പള്ളിയ്ക്കായിപ്പോകുമെന്നു ഭയന്നു് പ്രധാനമന്ത്രി ആ ബഹുമതിക്കായി വളരെ സാഹസപ്പെടുന്നുണ്ടു്. ഈ അടുത്തകാലത്തു് അദ്ദേഹം മുന്നിട്ടുനിന്നു നടത്തിയ തമിഴ്നാടുകാൺഗ്രസ്സ് ഒത്തുതീർപ്പു് പ്രസ്തുത ഉദ്ദേശലബ്ധിക്കായുള്ള ഒരു വേലത്തരമായിരുന്നു. ഇതറിഞ്ഞുകൊണ്ടാണു് ശ്രീ പനമ്പള്ളി പട്ടത്തെ കഠിനമായി ആക്ഷേപിച്ചുകൊണ്ടു പാറശ്ശാല യോഗത്തിൽ പ്രസംഗിച്ചതു്. അതിനു വിളഞ്ഞ പ്രത്യുത്തരം കിട്ടുന്നതു് തന്റെ ചർമ്മത്തിനു സഹിക്കാൻ കഴിയുമെങ്കിൽ അത്രയ്ക്കും കട്ടി വർദ്ധിക്കുമല്ലൊ. ഈ സ്ഥിതിഗതികൾ നോക്കിയിരുന്ന സാധു കുഞ്ഞുരാമൻ ആകെ അമ്പരന്നു. തനിക്കു തൊലിയില്ലെന്നോ തൊലിക്കു കട്ടിയില്ലെന്നോ പരക്കെ ഒരു ആരോപണമുള്ളതു നികഴ്ത്തുവാൻ അദ്ദേഹം വേണ്ടാത്ത നിലയിൽ ഒരു കയർ സഹകരണസംഘം തുടങ്ങിനോക്കി. പക്ഷെ അതുകൊണ്ടു ആക്ഷേപം തികയുന്ന മട്ടു കണ്ടില്ല. ആററങ്ങൽ തോട്ടിത്തൊഴിലാളി സത്യഗ്രഹികളെ 2 മാസക്കാലം മർദ്ദിച്ചു. ആററങ്ങൽ നഗരവാസികളുടെ പ്രക്ഷോഭണത്തിന്റെ നേർക്കു പല്ലിളിച്ചുകാണിക്കുകയും മുണ്ടുപൊക്കിക്കാട്ടുകയും ചെയ്തു. തൃശ്ശൂർ ഡിസ്റ്റിലറി ലേലംചെയ്യാതെ ഒരാളിനു പാക്കററിൽ ഇട്ടുകൊടുത്തു. പി. കെ. കുഞ്ഞിന്റെ പരസ്യമായ കുടിക്കേസിൽ നിന്നു കുഞ്ഞിനെ വലിച്ചൂരിവിട്ടുകൊടുത്തു. ഇതിന്റെയെല്ലാം പ്രത്യാഘാതമായുണ്ടാകാവുന്ന ആക്ഷേപവും അപവാദവും ഏററുനിന്നു തൊലിക്കു കട്ടിക്കൂട്ടിയാൽ നിശ്ചയമായും കുഞ്ഞുരാമൻതന്നെ സമ്മാനം അടിച്ചുകൊണ്ടുപോകും. നമ്മുടെ ക്രിസ്തീയമന്ത്രിമാർ ഈ മത്സരത്തിൽ പങ്കെടുക്കുന്നില്ലേ! എന്നു ചോദിക്കാനില്ല. ടി. എം. വർഗ്ഗീസുള്ളിടത്തോളംകാലം അവർ നേരത്തെ പരിശീലനം കഴിക്കേണ്ടതില്ലല്ലൊ.

ഇതൊക്കെയാണു് ഒരുകൊല്ലത്തിനുമേലായി ഇന്നുവരെ ഈ നാട്ടിൽ നടക്കുന്നതു്, നാട്ടുകാരുമായി! അധർമ്മവും അന്യായവും, പട്ടിണിയും പാരവശ്യവും വളർന്നു വളർന്നു വരുന്നു. ദുഷ്ടനിഗ്രഹത്തിനായി ഒരു അവതാരം ഉണ്ടാകേണ്ടകാലമായിരിക്കുന്നു. ആ അവതാരം ഈ പുതുവത്സരത്തിന്റെ നേട്ടമായിരിക്കട്ടെ എന്നു ആഗ്രഹിച്ചും പ്രാർത്ഥിച്ചും ഞങ്ങൾ സകലർക്കും നവവത്സരാശംസകൾ നേരുന്നു. നമസ്തേ.

# "യോഷാഭൂഷണം"

[ഭാഷാവ്യാഖ്യാനസഹിതം]

(സൈറൻ)

രാജരാജവമ്മാവിന്നാൽ വിരചിതമായ 'ഭാഷാഭൂഷണം' കാലക്രമേണ ദുഷിച്ചുപോയതിനാൽ അതേജാതിയിൽ ഒരു പുതിയ ഗ്രന്ഥമെഴുതിയാൽകൊള്ളാമെന്നുള്ള ആഗ്രഹത്തിൻെറ പരിണതഫലമാണു് ഈ 'യോഷാഭൂഷണം'. ഇതിൽ യോഷകളെപ്പററി ഭൂഷണമൊന്നും പറയുന്നില്ലെങ്കിലും ഒരു ചന്തത്തിനുവേണ്ടി ഈ പേരിട്ടുപോയതാണു്. ഉള്ളിൽ പേരിനനുസരണമായി ഒന്നും കാണുകയില്ലെങ്കിലും 'വെള്ളാമ്പലുകൾ' തുടങ്ങിയ പേരുകളിൽ ആളുകൾ പുസ്തകമിറക്കുന്ന കാലമാണല്ലോ ഇതു്. പിന്നെ എന്തുകൊണ്ടു് എനിയ്ക്കും അങ്ങനെ ഒരു ഗ്രന്ഥം ചമച്ചുകൂടാ.

ഇതിൽ പ്രധാന അലങ്കാരങ്ങളുടെയും അഹങ്കാരങ്ങളുടേയും ലക്ഷണങ്ങൾ കാലത്തിനൊത്ത ഉദാഹരണങ്ങൾ ചേർത്തു് പറഞ്ഞിരിയ്ക്കയാണു്. ഏവംച ഇഷ്ടദേവതാനുഗ്രഹത്തിനായി ഗ്രന്ഥാദിയിൽ കവി മംഗളാചരണം ചെയ്യുന്നു:—

വചിത്താര, യഞ്ചര, ടെസ്റ്റ്ബുക്കു, വെൾച്ചെണ്ണ
നല്ലോരു വാക്കുകൾ മേൽച്ചൊന്നതെല്ലാമേ
നമ്പോ! രാവിലേ ചൊല്ലുന്ന മർത്ത്യക്കു-
ള്ളിഷ്ടങ്ങൾ സാധിയ്ക്കും കല്ക്കിസ്കു ക്രുപ്പുകൈ!

ഇപ്രകാരം ഇഷ്ടദേവതാമംഗളത്തിനു ശേഷം കവി 'ഉപമ'യുടെ ലക്ഷണവും ഉദാഹരണവും പറയുന്നു.

ഒന്നിനോടൊന്നു സാദൃശ്യം
ചൊന്നാലുപമയാമതു്
മന്ത്രിശ്രേഷ്ഠ! വിളങ്ങുന്നു
പോക്കിനേപ്പോലെ നിന്മുഖം.

ഇവിടെ പോക്കു് ഉപമാനം; മന്ത്രിശ്രേഷ്ഠൻ ഉപമേയം. സാമാന്യധമ്മം 'വിളങ്ങുന്നു' എന്നതു്.

അവളോടൊപ്പമായവ-
ളെന്നു ചൊന്നാലനന്വയം
മസ്ക്രീനോടൊപ്പമായ് മസ്ക്രീൻ
തന്നെ സുന്ദരിയായതു്.

മസ്ക്രീൻ എന്നതു് ഒരു മാതിരി സ്ക്രീനാണു്. സൗന്ദര്യമുള്ള ഈ വസ്തുവിനേ അതിനോടു തന്നെ ഉപമിച്ചിരിക്കുന്നതിൽ ചമൽക്കാരവും ചവർക്കാരവും ഇതിൽ കൂടുതലായുണ്ടു്.

വേറെ ഉദാഹരണം നോക്കുക!—
"മണ്ടത്തം കൊണ്ടു കുഞ്ഞ്രാമൻ
കുഞ്ഞൂരാമനു തുല്യമാം.
മുണ്ടത്തം കൊണ്ടു നോക്കുമ്പോൾ
മുണ്ടശ്ശേരിയു മിത്ഥമാം" (ആനിവിജയം ചമ്പു)

കുഞ്ഞൂരാമൻ കുഞ്ഞൂരാമനു തുല്യനാണെന്നു് പ്രഥമപാദം കൊണ്ടു മനസ്സിലാക്കാം. രാധാകൃഷ്ണൻെറ നേതൃത്വത്തിലുള്ള യൂണിവേഴ്സിററി കമ്മീഷൻ വന്നപ്പോൾ വിശ്രമാത്ഥം വക്കലെത്തുരപ്പിൽ പോയി ഒളിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് അല്പാല്പം സാമത്ഥ്യമുണ്ടെന്നാളുകൾ പറയുമെങ്കിലും അതിൽ കഴമ്പും കുഴമ്പുമില്ല. ഉത്തരപാദത്തിൽ മുണ്ടശ്ശേരിയെ മുണ്ടശ്ശേരിയോടു് ഉപമിച്ചിരിക്കുന്നു. ഈ പദ്യം 'പ്രണയ രാക്ഷസൻ' എന്ന മഹാകവിയുടെ കൃതിയായ ആനിവിജയം ചമ്പുവിൽ നിന്നെടുത്തിട്ടുള്ളതാണു്.

അഥ ഉപമേയോപമാ കഥ്യതേ:—
ഉപമിയ്ക്കുന്നതന്യോന്യ മുപമേയോപമാഖ്യയാം.
കാൺഗ്രസ്സു 'പ്രിവി' പോലത്രേ പ്രിവി-
കാൺഗ്രസ്സു പോലെയും.

ഇവിടെ പരിപാവനമായ 'പ്രിവി'യേ കാൺഗ്രസിനോടും കാൺഗ്രസിനേ പ്രിവിയോടും ഉപമിച്ചിരിയ്ക്കുന്നു. ഇതിൻെറ സാരസ്യം സഹൃദയൈകവേദ്യമാകുന്നു.

"ഉപമാനോപമേയത്വം
മറിച്ചിട്ടാൽ പ്രതീപമാം." എന്നാണു് പ്രതീപാലംകാരത്തിൻെറ ലക്ഷണം. ഉദാഹരണം ഇത്ഥം കവിൾ വദതി.

"എം. എൽ. ഏ. പോലെ കണ്ണട്ട
കടിയ്ക്കും ചോരയൂററിടാൻ"

കണ്ണട്ട പ്രസിദ്ധോപമാനവും എം. എൽ. ഏ. പ്രസിദ്ധോപമേയവുമാണെങ്കിലും ചമൽക്കാരത്തിനാ

യി പ്രസ്തുത ജന്തുക്കളേ ഇവിടെ തിരിച്ചിട്ടിരിക്കുന്നതിനാൽ അലംകാരം പ്രതീപം.

ഏവം ഉപമാ ഭേദങ്ങളെ കഥിച്ചിട്ട് കവി അവഹ്നുതിയിലേക്കു കടക്കുന്നു.

സ്വധമ്മത്തെ മറച്ചന്യ-
ധമ്മാരോപമപഹ്നുതി.
ടീ. കെ യല്ലിതു വർഗ്ഗീയ-
ക്ഷോമം വിലസുന്നതു്.

ഇവിടെ ടീ കേ യുടെ ടീ കേ ത്വത്തേ മറച്ച് ക്ഷോമത്വത്തേ ആരോപിച്ചിരിക്കുന്നു.

അവർണ്യത്തോടു വർണ്യത്തി-
ന്നഭേദം ചൊല്ക രൂപകം
മന്ത്രിത്വമാം പനീർമെത്ത-
ലംസാന്തം വീഴൊലാ സഖേ!

ഇവിടെ മന്ത്രിത്വത്തെ പനിനീർ വിരിച്ച മെത്തയായി രൂപണം ചെയ്തിരിയ്ക്കുന്നു, കവി അടുത്തതായി ഉൽപ്രേക്ഷയിലേക്കു ചാടുന്നു.

മറെറാന്നിൻ കഷ്ടകാലത്താ-
ലതു താനല്ലയോ ഇതു്
എന്നു വർണ്ണത്തിലാശങ്ക
ഉൽപ്രേക്ഷാഖ്യാലംകൃതി.
ഉദാഹരണം താഴെ പറയുന്നു.
ചേരയേക്കണ്ടു സപ്പത്താ-
നെന്നു ശങ്കിച്ചു പി. ജി. യെൻ.
മണ്ഡലം കണ്ടു ദേശീയ-
മെന്നു ശങ്കിച്ചു ശങ്കരം.

(ശബരിമലദാഹം മൂന്നാംസർഗ്ഗം)

മുകളിൽ പറയുന്ന ഉൽപ്രേക്ഷോദാഹരപദ്യത്തേ 'ശബരിമലദാഹം' എന്ന ഖണ്ഡകാവ്യത്തിൻെറ മൂന്നാം സർഗ്ഗത്തിൽ നിന്നും എടുത്തിട്ടുള്ളതാകുന്നു.

സൂക്ഷ്മസ്വഭാവം വർണ്ണിച്ചാൽ
സ്വഭാവോക്തിരലം കൃതി.
ഇനി ഉദാഹരണം കാൺക:—
താണുമാലയരേക്കൊന്നു്
പഞ്ചസാരേ ചുമക്കവേ
രസിച്ചീടുന്ന മദ്ധ്യേതാ-
നലറീടുന്ന 'നാരണൻ'

(താണുമാലയവധം ആട്ടക്കഥ)

മുകളിൽ പറഞ്ഞ പദ്യത്തിൻെറ സ്വാരസ്യം എല്ലാവർക്കും സുവ്യക്തമായി അറിവുള്ളതിനാൽ വിവരിക്കുന്നില്ല. മുകളിൽ പറഞ്ഞ പദ്യത്തിന്

'ഷേവുചെയ്യുന്ന മദ്ധ്യേ താൻ
സോപ്പു തേയ്ക്കുന്ന ബാർബരം' എന്നും പാഠഭേദമുള്ള വിവരം അറിഞ്ഞുകൊൾക:—

ഒന്നിനേക്കണ്ടു മറെറാന്നു്
ഒന്നിലോ സ്മൃതിമാനതു്.
സഹാറാ കണ്ടു ചിന്തിപ്പൂ
കമ്പളത്തിൽ പെരുന്തച (ചട്ടമ്പിസ്തുതി)

സഹാറാ കാണുമ്പോൾ കബരീഭാരഭരിതമായ കമ്പളമസ്തകസ്മരണയുൽഭവിക്കുമെന്നർത്ഥം. അഥ അവസാനമായി അലങ്കാരങ്ങളുടെ പാർട്ടിലീഡറായ അർത്ഥാന്തരന്യാസത്തെ അവതരിപ്പിക്കുന്നു.

കൈക്കൂലിതാൻ ചെക്കുകൾതാൻ
ഇവയിൽ പ്രസ്തുതത്തിന്ന്
അർത്ഥാന്തരന്യാസമാകു-
മന്യംകൊണ്ടു സമർത്ഥനം.


രക്ഷാകേന്ദ്രം

# ശശാങ്ക

മൂത്രാശയരോഗങ്ങൾ പിടിപെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരീസഹോദരന്മാക്ക് പൂണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്കലനം, പഴുപ്പുപോക്ക്, പ്രമേഹം, മൂത്രച്ചൂട്, മൂത്രത്തിലുള്ള അടപ്പ്, (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കററൊന്നിന്, വില 3 . പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ
**S. S. പിള്ള**

വിജയാഫാർമസി,
P. O. മാവേലിക്കര, തിരുവിതാംകൂർ

ഒന്നുകൊണ്ടു മറെറാന്നിനെ സമർത്ഥിച്ചാൽ അതു് അർത്ഥാന്തരന്യാസം. അഥതസ്യ ഉദാഹരണം ഉച്യതേ:-

യാതനക്കുളിയുണ്ണുമ്പോൾ
മഹാന്മാരില നക്കുമോ?
അർദ്ധരാത്രിക്കു കൈക്കൂലി
വാങ്ങീലാ കുട്ടനാടനും.

'കുട്ടനാടൻ' കൈക്കൂലിച്ചെക്കു വാങ്ങിയില്ല' എന്നുള്ള വിശേഷത്തെ യാതനക്കുളിയുള്ളപ്പോൾ എന്തിനു കൈക്കൂലി വാങ്ങുന്നു? എന്ന സാമാന്യംകൊണ്ടു സമർത്ഥിച്ചിരിയ്ക്കുന്നതിനാൽ ഇവിടെ അർത്ഥാന്തരന്യാസം എന്ന അലങ്കാരമാകുന്നു എന്നു ധരിച്ചുകൊൾക.-

ഇതുപോലെ മററനവധി അലങ്കാരങ്ങളും ഉദാഹരങ്ങളും പറയാനുണ്ടെങ്കിലും കവിക്കു് ആരോഗ്യം രക്ഷിയ്ക്കണമെന്നു് ഹാർദ്ദമായ ആഗ്രഹമുള്ളതിനാൽ അവയൊന്നും തല്ക്കാലം പറയണമെന്നുദ്ദേശിയ്ക്കുന്നില്ല. ഉടനെ തന്നെ 'കരണം' നല്ല തുകക്കു് ടാററായുടെ ന്യൂ ഇൻഡ്യാ ഇൻഷ്വറൻസു കമ്പനിയിൽ ഇൻഷ്വർ ചെയ്യിച്ചതിനുശേഷം ആവശ്യമെന്നു കണ്ടാൽ ബാക്കി പറയാവുന്നതാണു്.

അലങ്കാരങ്ങളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഈ അഭിവനാവാലങ്കാരഗ്രന്ഥം ഉയന്ന ക്ലാസ്സുകളിൽ ടെക്സ്റ്റാക്കണമെന്നു് ആദ്യത്തേമംഗളശ്ലോകത്തിന്റെ അവകാശിയോടു് അപേക്ഷിച്ചുകൊണ്ടു് നിർത്തുന്നു.

(ഇതി യോഷാഭൂഷണാഖ്യേ അലങ്കാരശാസ്ത്രഗ്രന്ഥേ പ്രഥമ പരിച്ഛേദം സമാപ്തം.)

---

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
A.S.S.
പാലസ്റോഡ്, ആലപ്പുഴ

★ കദളീരസായനം ★

സ്ത്രീപുരുഷന്മാരുടെ മൂത്രത്തിൽക്കൂടി ആദ്യം വെള്ളനിറത്തിലും, വർദ്ധിച്ചാൽ മഞ്ഞനിറത്തിലും, മുററിപ്പോയാൽ രക്തം കലന്നും പ്രായേണ ദുർഗന്ധത്തോടുകൂടിയും സ്രാവം ഉണ്ടാകാറുണ്ടു്. ശരീരത്തിൽ എപ്പോഴും ചൂടു്, വായ്ക്കുവരൾച, തലച്ചുററു്, വെള്ളദ്ദാഹം, വയററുകത്തൽ, കൈകാലുകൾക്കു് നീററലും കഴപ്പും, നടുവുകഴപ്പു് ഇത്യാദി വികാരങ്ങൾ ഉണ്ടായി ക്രമേണ ദേഹം മെലിഞ്ഞു്, ഓജസ്സ് ക്ഷയിച്ചു്, ജീവിതംതന്നെ ഒരു ഭാരമായിത്തീന്നു് നരകദുരിതം അനുഭവിക്കുന്നവക്കു് ഇതു് ഒരു ദിവ്യൗഷധമാണു്. വില ഒരു റാത്തലിനു് രൂപ ൨.

മാനേജർ,

ശ്രീ. ആത്രേയാശ്രമം

ആയുർവ്വേദ വൈദ്യശാല കൈതമുക്കു്,

തിരുവനന്തപുരം.

# ആഗസ്റ്റ് ൧൫

## —നാരി—

വണ്ണിക്കാൻ നഹിശക്തിയെനിക്കു ത്രി-
വർണ്ണപതാകയുയർന്നു പറന്നു—
നീളത്തിൽ ചിലർ തോരണമിട്ടു,
താളത്തിൽച്ചില പാട്ടുകൾ പാടി,
വെടിവെട്ടു ശബ്ദം ദിഗന്തമുയർന്നു
വഴിയുടെ നഗരമലംകൃതമായി,
ഖദർവേഷ്ടികളും കോൺഗ്രസ്സ്കാർക്കതി-
മുദമേറുന്നൊരു ജൂബകൾ പിന്നെ-
ക്കരയൻ ഷാളുകളിവയുടെ ശുഭ്രത-
യലകളടിച്ചു തുടങ്ങിയിതെങ്ങും!
ദേശീയക്കാർ നേതാക്കൾക്കാ-
വേശം കൊണ്ടു പ്രസംഗമിറങ്ങി,
"വാസത്തിന്നൊരു കുടിലുമെഴാതെ,
വാസസ്സിന്നും വഴികാണാതെ,
ശ്വാസം വിടുവാൻ കഴിവില്ലാതെ,
നാശാന്തം വരെ, യജ്ഞതകൊണ്ടുരു-
നാശക്കടലിൽ മുങ്ങിടുന്നൊരു—
കർഷകതൊഴിലാളികളെയുയർത്തു ക-
ഹർഷമതാണു നമുക്കു നിനയ്ക്കിൽ!"

പറവൂർ ടി. കെ. ചെപ്പും പന്തും
പലവിധമൊക്കെ മറിച്ചു തിരിച്ചു,
മതിമോഹനമാം 'പദനിര'വച്ചതി-
കുതുകത്തോടൊരു നൃത്തം ചെയ്തു!
രാമൻമന്ത്രി പതുക്കെച്ചെണ്ടയി-
ലാമോദത്തോടു താളംകൊട്ടി,
'പഞ്ചാരച്ചിരി'യെങ്ങും തൂകിയ
സഞ്ചിതവീര്യൻ ഗോവിന്ദാഖ്യൻ
മൃദുഗീതത്താൽ കോൺഗ്രസ്സിൽ ജയ-
മധുരിതമഹിമകളരുളിച്ചെയ്തു!
കടവർ നിറയും കപടതയെല്ലാം
ഖദറണികൊണ്ടു മറച്ചുപിടിച്ചും,
ബാപ്പുജിയുടെ നാമത്തിൽ കള്ളിൻ-
കുപ്പികൾപോലെ കുടിച്ചു മദിച്ചും,
ചെന്നിണമോലും നാവുകൾകൊണ്ടതി-
മന്ദ്രമഹിംസയെ വാഴ്ത്തികൊണ്ടും
നർത്തകി തന്നുടെ ചേലുത്തിൽ പര-
മാർത്ഥി കലന്നാ കീർത്തികൊതിച്ചും
നാണയനിചയം കിലുകിലെയങ്ങനെ
വാരിയെറിഞ്ഞൊരു കുന്നു പമച്ചു!
ഏ. ജെ ജോണാം പിലിപ്പോസും
കീജേ കീജേയെന്നു വിളിച്ചും,
സഞ്ചിയിൽ വാരിക്കെട്ടി മനോഹര-
പുഞ്ചിരിയിട്ടവർ തങ്ങളിൽ നോക്കി........

കുമ്പളവീരൻ വമ്പുകൾ കാണി-
ച്ചമ്പതുപേരെ മലർത്തിയടിച്ചു!
സി. കേശവനുടെ സീൽക്കാരത്തില-
ശക്തിനിരാശതെളിഞ്ഞു കഷ്ടം!
പി. ററി ച്ചാക്കോ മീശതെറുത്തൊരു-
ഫീറവം ഫീററിച്ചാടിമറഞ്ഞു!

മണ്ടന്മാരുടെ കൂട്ടം ഹൈന്ദവ-
മണ്ഡലമങ്ങനെ മങ്ങീടുന്നു—
മന്നത്തലയൻ ശങ്കുണ്ണിക്കുമ-
മന്ദം വെല്ലുവിളിക്കുശിരേറി—


പരബ്രഹ്മോദയ വൈദ്യശാല
ഓച്ചിറ.

ബാലാമൃതം

കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ, കണ, ചുമ, വലിവ്, വയുമുട്ടൽ, നെഞ്ച് കുറുകെട്ടുക മലബന്ധം, ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പറ്റിയ സിദ്ധൌഷധം.

മാത്ര—7 മുതൽ 15 തുള്ളിവരെ
വില അണ 8.

എസ്. കേശവൻ വൈദ്യൻ, വൈദ്യകലാനിധി.

ശങ്കു തെല്ലുകയർത്തുപറഞ്ഞു,
തൻകരമൊന്നു ചുരുട്ടിക്കാട്ടി
ഗോഗ്വാക്കാരൻ പി. ററി ച്ചാക്കോ
ഗോഗ്വാ ഗോഗ്വ യെന്നുവിളിച്ചു,
ശങ്കുകരണത്തൊന്നു കൊടുത്തു
ഗോഗ്വാക്കാരനശബ്ദമടഞ്ഞു........
ശങ്കവചൊല്ലുമസംബന്ധങ്ങൾ
സങ്കല്പിക്കാൻ പോലും മേലാ.

പട്ടംപാർട്ടിയുയർന്നുപറന്നു
വട്ടം ചുററിയടിച്ചുതുടങ്ങി........
പ്രാഞ്ചിനടക്കും കോൺഗ്രസ് കോഴിയെ-
റാഞ്ചിടുവാനായ് തക്കം നോക്കി........
ഐ എസ് പി-യെന്നൊരുപൊടിവിതറി-
ക്കയ്യും കണ്ണും ബന്ധിച്ചീടാൻ
മെയ്യടവെല്ലാം കാട്ടിക്കാട്ടി-
പ്പുളച്ചുപുളയ്ക്കുകയാണവർ! ........

ഇങ്ങനെദേശീയോത്സവഘോഷം
പൊങ്ങിടുന്നു ദേശമശേഷം!
സ്വാതന്ത്ര്യത്തിൻ മധുരിമയല്ലിഹ
യാതനതന്നുടെ കൈപ്പാണെങ്ങും!
ഭേരിതിരിഞ്ഞും ചീത്തപറഞ്ഞും
ചോരയൊഴുക്കാൻ, നാടുമുടിക്കാൻ
സ്വാതന്ത്ര്യത്തിൻ ത്ര്യക്ഷരിചൊല്ലുക
മാതൃദ്രോഹം മതിമാന്മാരേ.

കഞ്ഞിപ്പെണ്ണും കോനാച്ചാരും
പഞ്ഞംകൊണ്ടു മെലിഞ്ഞു പമഞ്ഞും
കഞ്ഞികുടിപ്പാൻ വകയില്ലാതെ
നെഞ്ചും തടവി നടന്നുതുടങ്ങി........
നാട്ടിലുയർന്നൊരു പട്ടിണി തന്നുടെ
നഷ്ടവിവേകം നിലവിളിഘോഷം
കേട്ടിടുവാനിന്നാരും നഹിനഹി
കിട്ടി നമുക്കും സ്വാതന്ത്ര്യംപോൽ!

കുടിലില്ലാത്തവർ, മുണ്ടില്ലാത്തവർ,
കുടികൾ പുലർത്താൻ വകയില്ലാത്തവർ.

അടിമുടിരോഗം കൊണ്ടുവലഞ്ഞവർ,
നെടിയകടത്തിൻ താഡനമേററവർ........
ഇല്ലാത്തവരേ നോക്കാനൊരുവരു-
മില്ലേ,യിവിടൊരു മന്ത്രിയുമില്ലേ... ....
പൊല്ലാപ്പുകളും ചൂഷണവിദ്യയു-
മല്ലേനിങ്ങളഴിച്ചുവിടുന്നു .......
നാട്ടിൽനടന്നു പ്രസംഗംചെയ്താൽ
പട്ടിണിയുണ്ടോ പേടിക്കുന്നു........
പത്രംനിറയെയടിച്ചുതകർത്താൽ
വസ്ത്രമതുണ്ടോ കിട്ടീടുന്നു........

തമ്മിൽത്തല്ലിത്തലകീറാനോ
നമ്മൾക്കിന്നുലഭിച്ചതു ഭരണം?
മന്ത്രികളെല്ലാം നാടുഭരിക്കും
മാന്ത്രികരായി ഞെളിഞ്ഞീടട്ടെ!
ഒന്നായനവധി ദുസ്സഹവേദന-
കാന്തകന്നു തരിപ്പണമായവർ
എന്നുമിതേവിധ മീദുരിതത്തിൽ
മുങ്ങി ശ്വാസംമുട്ടട്ടെന്നോ?

സ്വാതന്ത്ര്യത്തിൻ സുമധുരഫലമോ
വേദനതിങ്ങും തിക്തകഫലമോ........
എന്താണിന്നു നമുക്കുലഭിച്ചതു
ചിന്തിച്ചീടുക നിങ്ങൾ സഖാക്കൾ!!!

---

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

കൂടുതൽ സമയം എരിയുന്ന
സെൽവാ മെഴുകുതിരികൾ
വാങ്ങുവിൻ.
S. S. രാജാ & Co.
ന്യൂ ബസ്സാർ, ആലപ്പുഴ.

സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം!!
ആസാദ ഹോട്ടൽ
എവിടെ?
പഴവങ്ങാടി * തിരുവനന്തപുരം.

# മിണ്ടല്ലേ

വികടൻ

മൂന്നാമതൊരാൾ അറിഞ്ഞാൽ മുടിഞ്ഞുപോകുന്ന മൂവായിരം രഹസ്യങ്ങളുണ്ട് നമുക്ക്. രണ്ടു പേക്കു തമ്മിലായാൽ ഒരു കുഴപ്പവുമില്ല. കുഴപ്പമില്ലെന്നു തന്നെയല്ല വലിയ ഇണക്കവുമാണ്. കയ്ക്കൂലിയായാലും ശുപാർശയായാലും, മോഷണമായാലും, വ്യഭിചാരമായാലും രണ്ടു പേരെ സംബന്ധിച്ചിടത്തോളം അതെത്ര ആഹ്ളാദകരമാണ്. രാത്രിയുടെ മൂന്നാമത്തെ യാമത്തിൽ അയാൾ മററാരുമറിയാതെ അവളുടെ മുറിയിൽ പ്രവേശിച്ചു !! സകല ജന്തുരാശിയും കൂർക്കംവലിച്ചുറങ്ങുകയാണ്. അയാൾ ഒന്നാമതായി, അടക്കിയ സ്വരത്തിൽ അവളോടു പറയുന്നവാക്കു് എന്താണ് "മിണ്ടല്ലേ" എന്നാല്ലേ? ശരി അവൾ മിണ്ടിയില്ല അയാളും മിണ്ടിയില്ല. മാസം നാലഞ്ചുകഴിഞ്ഞു. പെണ്ണിനു മനം പിരട്ടുന്നു. ഓർക്കാനം. ആഹാരത്തിൽ വെറുപ്പ്. കുളിക്കടവിലേക്കു പോകുന്ന വഴിയിൽ വച്ചു അയാളെ കണ്ടു. വിവരം പറഞ്ഞു. "പിന്നേ അവിടൊന്നു നില്ക്കണേ. മാസക്കുളിതെററിയിട്ടു രണ്ടുമാസമായി. വീട്ടിൽ അറിയാതിരിക്കാൻ ഇനി വഴിയില്ല" അയാൾക്കു ശരീരം വിയർക്കുന്നതുപോലെ തോന്നി. എന്തു പറയാനാണ്. "അയ്യോ, അംബു മിണ്ടല്ലേ" എന്നു തന്നെ അപ്പോഴും അയാൾ പറയുന്നു.

കയ്ക്കൂലിയും ശുപാർശയും രണ്ടു വലിയ ജാതിമത്തങ്ങാകളാണല്ലോ. ഇവിടെ ഈ ഗവണ്മെൻറ് എന്നു പറയുന്ന കന്തം ഉണ്ടായ കാലം മുതൽ ഈ മത്തങ്ങാ കായ്ക്കുന്ന വള്ളിയുടെ മൂടവത്തു നശിപ്പിക്കാൻ ശ്രമം നടക്കുന്നു. വേലുത്തമ്പിദളവാ കൈക്കൂലി വാങ്ങുന്നവൻെറ കൈവെട്ടി, ശുപാർശ പറയുന്നവൻെറ നാക്കറുത്തു. മോഷ്ടിക്കുന്നവൻെറ കണ്ണുകുത്തി. എന്തു ഫലം കുറച്ചുകാലം ഒരു ഒതുക്കം കിട്ടി. വേലുത്തമ്പി ചത്തപ്പോൾ വീണ്ടും പതിന്മടങ്ങു ഊർജ്ജിതത്തിൽ കൈക്കൂലിയും ശുപാർശയും നടമാടി. ശങ്കരൻ തമ്പിയുടെ കലത്ത് ശുപാർശയും രാമഗോപാലാചാരിയുടെ കാലത്തു് വ്യഭിചാരവും രാമസ്വാമിഅയ്യരുടെ കാലത്തു് കൈക്കൂലിയും നമ്മുടെ രാജ്യത്തു് വിളഞ്ഞതുപോലെ ബർമ്മായിൽ അരിയും നെല്ലും വിളഞ്ഞിട്ടില്ല. അതിനുശേഷം കാൺഗ്രസ്സ് ഭരണംവന്നു. എൻറപ്പാ, പൊന്നാച്ചന്മാർ ഭരിച്ചപ്പോൾ മുതൽ കൈക്കൂലിയും ശുപാർശയും, വ്യഭിചാരവും മാത്രമല്ല കരിഞ്ചന്ത എന്നൊരു പുതിയ സാധനംകൂടി ഇറങ്ങിയിട്ടുണ്ട്. ചീഫ് മിനിസ്റ്റർ എന്നൊരാളും അതിയാൻെറ കീഴിൽ കുറെ മിസ് ചീഫ് മിനിസ്റ്റർമാരുമാണ് എല്ലാസ്ഥലത്തും ജനകീയ ഭരണത്തിൻെറ അടുക്കു. ഇന്നാലെവരെ പാളയം റോഡേ തെക്കും വടക്കും നടന്നു കണ്ണിൽക്കണ്ട കാപ്പിക്കടയുടെ മുമ്പിലെല്ലാം കാണുന്ന പരിചയക്കാരോടു ഓസിനു ചായവാങ്ങി കാലക്ഷേപം നടത്തിവന്ന പല കാൺഗ്രസ്സ് അടികൊള്ളികളും ഇന്നു നല്ല സ്ഥിതിയിലാണ്. നേരേ ചൊവ്വേ മൂന്നുനേരം ആഹാരം കഴിച്ചിട്ടില്ലാത്തവനും ആഹാരം കണ്ടിട്ടുപോലുമില്ലാത്തവനുമെല്ലാം മന്ത്രിയായാൽ എന്താണു സംഭവിക്കുന്നതു്? എന്താണ് സംഭവിക്കാത്തതു്? കണ്ടുനിറഞ്ഞവനോടു കടം വാങ്ങണം. ഉണ്ടു നിറഞ്ഞവനോടു ഉരുള വാങ്ങണം എന്നൊല്ലാം പണ്ടു് ആശാന്മാർ പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ കൊച്ചന്മാർക്കു് അതൊന്നും കേൾക്കണ്ടാ. ഒരു മാസം ലാക്കപ്പിൽ കിടന്നവൻ അസംബ്ളിമെമ്പറാകട്ടെ എന്നുവച്ചു. നാലുമാസം ലാക്കപ്പിൽ കിടന്നവൻ ഹൈക്കോർട്ടു ജഡ്ജി, അതിൽ കൂടുതൽ കാലം തൊഴില്ലാതിരുന്നവൻ മന്ത്രിയാകട്ടെ


**ബേബിസ്റ്റോർ,** ഉള്ളൂർ. ഇവിടെ പലചരക്ക്, ഇരുമ്പുസാമാനങ്ങൾ, ശീമ ഉരങ്ങൾ, സ്റ്റേഷനറി, തേയില, സൂക്കാ, ബീഡിഇല, പുകയില, സിഗരററുകൾ മുതലായ സാധനങ്ങൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. കച്ചവടക്കാക്ക് പ്രത്യേകനിരക്ക്—

മാനേജർ.

എന്ന തീരുമാനം. അങ്ങനെയാണല്ലോ ചിട്ടി ആകെ കുഴഞ്ഞുപോയതു്.

ഭരണം തുടങ്ങി. പൊടിപൊടിച്ചഭരണം. തമ്മിൽ തമ്മിൽ വിശ്വാസമില്ല. ഒരാളെ മറിച്ചിട്ടുകൊണ്ടു മറ്റൊരുത്തനു കേറണം, ആരോ പറഞ്ഞതുപോലെ ആ തുലാം വൃശ്ചികം മാസങ്ങളിലെ ശ്വാനശൃംഗാരത്തിന്റെ തനി സ്വരൂപത്തിലായി മന്ത്രിസഭാ രൂപീകരണവും നശീകരവും ഒന്നാമത്തെ ശ്വാനനെ പുറകിൽനിന്നു കൂട്ടശ്വാനന്മാർ കാലുതട്ടി മറിച്ചിട്ടുകൊണ്ടു കിട്ടിയ സാവകാശം ഉപയോഗപ്പെടുത്തി. രണ്ടാമത്തവൻ ലക്ഷ്യസ്ഥാനത്തെത്തി. എന്നിട്ടു വീണ്ടും പുറകിൽ വളഞ്ഞു അധികം പട്ടികൾ നില്പുണ്ടു്. അവക്കു് ഭാവന അടങ്ങുന്നില്ല. അറിയാതെ അംഗങ്ങൾ ചലിച്ചുപോകുന്നു. ഒരു ബഹളം. നാണമുള്ളവക്കു് നേരേ നോക്കാൻ കൊള്ളരുതാത്ത പ്രയോഗരീതികൾ!

ല്ല. കള്ളന്മാരിൽ ഒരുത്തൻ അല്പം കുറഞ്ഞുപോയെന്നു പറഞ്ഞു വഴക്കുണ്ടാക്കുമെന്നു കണ്ടാൽ "മിണ്ടല്ലേ" എന്നുപറഞ്ഞു അയാൾക്കു കുറെ വാരിയിട്ടുകൊടുക്കും. എന്തുകൊണ്ടു പാടില്ല, അച്ഛൻ നട്ടതോ അമ്മ വെള്ളംകോരിയതോ."

ഈ രാജ്യം നശിച്ചു. നാരായവേരൊണ്ടൊങ്ങി-സർവ്വത്ര നാം കയ്ക്കൂലിയും അഴിമതിയുമല്ലെ കാണുന്നതു്. കരിഞ്ചന്ത നടത്താത്ത എത്രപേരുണ്ടു് ഈ രാജ്യത്തു്. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും തന്റെ സ്വന്തം കാര്യം വരുമ്പോൾ അല്ലെങ്കിൽ തന്റെ ഉററ സ്നേഹിതന്റെ കാര്യം വരുമ്പോൾ ഏതു മനുഷ്യനാണു് പ്രധാനമന്ത്രിയുടെ അടുത്തു ശുപാർശയ്ക്കു പോകാത്തതു്' ആ പ്രധാനമന്ത്രിയെന്നുപറയുന്ന ജന്തു നമ്മുടെ പ്രതിനിധിയല്ലെ. ആ സ്ഥിതിക്കു നമ്മുടെ സകല ദുർഗ്ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരിക്കേണ്ടതല്ലേ. ക

## പ്രധാന അറിയിപ്പ്

"വികടകേസരി"യുടെ റെപ്രസൻററ്റീവു ആയിരുന്ന ശ്രീ: വി പി. പരമേശ്വരൻ പിള്ളക്കു് സഞ്ചരിക്കുന്നതിനുള്ള ശരീരസുഖമില്ലാത്തതിനാൽ മേലാൽ അദ്ദേഹം സഞ്ചരിക്കുന്നതല്ല ആ സ്ഥലങ്ങളിലുള്ള മാന്യ വരിക്കാരേ നേരിട്ടു പത്രാധിപർ സമീപിക്കുന്നതാണു്. "വികടകേസരി"യുടെ ഭാവിക്കുവേണ്ടി ബഹുമാനപ്പെട്ട പത്രബന്ധുക്കളുടെ സഹായസഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

പത്രാധിപർ.

പലതും അവർ നടത്തി. ആക്കും ആരോടും പറയാൻ കൊള്ളരുതാത്ത വേലത്തരങ്ങൾ, നാട്ടിനുവേണ്ടി ഒരു കാശിന്റെ വക ചെയ്തില്ല. തനിക്കുവേണ്ടി തന്റെ മച്ചുനനുവേണ്ടി, തന്റെ അഛനുവേണ്ടി, അഛന്റെ അനുജനുവേണ്ടി, അയാളുടെ അച്ചിക്കുവേണ്ടി- അങ്ങനെ എന്തോ,ഒക്കെ ചെയ്തു. കൂടെയുള്ള കൂട്ടുകാരന്മാക്കു ഭൂമി പങ്കിട്ടുവച്ചുകൊടുത്തു. ആദായമുണ്ടാക്കാൻ എന്തൊക്കെ പണികളുണ്ടോ അതെല്ലാം കയ്യടക്കിവച്ചു. നാട്ടുകാർ അക്ഷമരായി ആരേ ഉപറയാൻ, ഈ വൻകള്ളന്മാർ അന്യോന്യം നോക്കി ചിരിച്ചുകൊണ്ടു "മിണ്ടല്ലേ" എന്ന ആംഗ്യംകാണിക്കുന്നു. മറയത്തു ഇറങ്ങിപ്പോകാൻ ജനങ്ങൾ മുറവിളികൂട്ടാറുണ്ടു്. അല്ല അവൻ കേട്ടതായി കണക്കാക്കുന്നി

ണിശത്തിനു അദ്ദേഹം നമ്മെ പ്രതിനിധീകരിക്കുന്നു. മററു മന്ത്രിമാരും നമ്മുടെ യഥാർത്ഥ പ്രതിനിധികൾ തന്നെ.

തന്റെ കാര്യങ്ങളിൽ ആരും വിജയംവേണമെന്നേ ആഗ്രഹിക്കൂ. ആ വിജയം വേണമെന്നു ആഗ്രഹിക്കുക. ആ വിജയം ഏതുവഴിയിലൂടെയെങ്കിലും തട്ടിയെടുക്കണം. തിരഞ്ഞെടുപ്പു വന്നാൽ കാൺഗ്രസ്സു് സ്ഥാനാർത്ഥി ജയിക്കുന്നതിനു എന്തെല്ലാം വേലത്തരങ്ങൾവേണമെങ്കിലും കാണിക്കും. എങ്ങനെയും അസംബ്ലിയിൽ ഭൂരിപക്ഷം സമ്പാദിക്കണം എങ്കിലേ ഭരണം കിട്ടുകയുള്ളു. അങ്ങനെ ഒന്നാംതരം കള്ളവും തട്ടിപ്പും വാഗ്ദാനവും കയ്ക്കൂലിയും ശുപാർശയും കരിഞ്ചന്തയും എല്ലാംകൂടി ഒരുമിച്ചു നടത്തി തൊണ്ണൂററ

ട്ടുപേർ അസംബ്ളിയിൽ വന്നാൽ അവർ വന്നവഴി അവർ മറന്നുപോകുമോ? തുടന്നും ആ വഴികളിൽക്കൂടി തന്നെ അവർ സഞ്ചരിക്കും. പക്ഷെ ആ വഴിയും സഞ്ചാരവും ഒക്കെ പരമരഹസ്യമാണ്. നഖത്തിനിടയിൽ സൂചികേററിയാലും ആ നേരു പറയുകയില്ല. പ്രസംഗവും പ്രസ്കാൺഫ്രൻസും പ്രസ്താവനയും, എല്ലാം തനി ആറാണ്!! ഹരിശ്ചന്ദ്രൻെറയും വിശ്വാമിത്രൻെറയും സത്യവും നിശ്ചയദാർഢ്യവും ഉണ്ടെന്നു പ്രഖ്യാപിക്കും. മറേറസംഗതിയുണ്ടല്ലോ—ആ നേരത്തേ പറഞ്ഞ കയ്ക്കൂലി—ശുപാർശ കരിഞ്ചന്ത—തുടങ്ങിയവ. അവയുടെ കാര്യത്തിൽ നേതാക്കന്മാർ മന്ത്രിമന്ദിരത്തിലോ വലിയ നേതാവിൻെറ വീട്ടിലോ കൂടി "മിണ്ടല്ലേ" എന്നു നിശ്ചയംചെയ്യും. കുളത്തൂപ്പുഴക്കാര്യം വന്നാൽ "മിണ്ടല്ലേ" എന്നാകും. 200 രൂപാക്കാര്യം വന്നാൽ "മിണ്ടല്ലേ" എന്നു കുട്ടനാടൻ പറയും. ടെക്സ്റ്റ്ബുക്കുകളും വന്നാൽ "മിണ്ടല്ലേ" എന്നു പനമ്പിള്ളിയും സീ. കേശവനും ഒരുമിച്ചു പറയും, ശബരിമല സംഭവം വന്നാൽ "മിണ്ടല്ലേ" എന്നു മാമ്മൻമാപ്പിളയും ടി. എം. മാപ്പിളയും പറയും. 51 ലക്ഷം വന്നാൽ "മിണ്ടല്ലേ" പറയാൻ മന്ദശങ്കരന്മാർ ഇറങ്ങും. ഗംഗാധരമേനവൻെറ നിയമനം മിണ്ടല്ലേ എന്നു മച്ചുനൻമന്ത്രി പറയും. പഞ്ചസാരക്കാര്യം വന്നാൽ അതും മിണ്ടല്ലേ എന്നുപറയും. വെളിച്ചെണ്ണക്കാര്യം വന്നാൽ അതും മിണ്ടല്ലേ ലിസ്റ്റിൽ വരും. കള്ളച്ചെക്കുകാര്യം വന്നാൽ അതു മിണ്ടല്ലേ എന്നാകും. ക്രിസ്ത്യാനികളുടെ കയ്യേററങ്ങൾ വന്നാൽ മിണ്ടല്ലേ എന്നാണ് മന്ത്രിമാരുടെ നില. ഹിന്ദുക്കളുടെ കഷ്ടസ്ഥിതി പറഞ്ഞാൽ മിണ്ടല്ലേ എന്നു സീ കേശവൻ ചാന്നാർ കല്പിക്കും. പാവങ്ങളുടെ പട്ടിണിക്കാര്യം പറഞ്ഞാൽ "മിണ്ടല്ലേ" എന്നു പോലീസുകാരൻ പറയും. ഇങ്ങനെ പറയാനില്ല സർവ്വത്ര മിണ്ടല്ലേകൊണ്ടു നിറഞ്ഞിരിക്കുന്നു. ഈ "മിണ്ടല്ലേരാജ്യത്തെ" ഭരണകമ്മിററികളിൽപെട്ട ആരെങ്കിലും നാലു വിവരമുള്ളവർ ഇവിടത്തെ അഴിമതിയെപ്പററിയും ഭരണദൂഷ്യങ്ങളെപ്പററിയും ഒരു സന്മനസ്സുതോന്നി വല്ലതും പറയാമെന്നു വച്ചാൽ അച്ചടക്കം അവരോടു "മിണ്ടല്ലേ" എന്നു പറയാനുണ്ട്.

ചുററിയില്ലെ? ചുററിത്തിരിഞ്ഞില്ലെ. നാം കുരുങ്ങിയിരിക്കുന്നതു കണ്ടോ. എത്ര മിണ്ടല്ലേകളുടെ മദ്ധ്യത്തിലാണു നാം ജീവിക്കുന്നതു്. രക്ഷവേണമെന്നുള്ളവർ ഈ മിണ്ടല്ലേ ചരടുവലിച്ചു പൊട്ടിച്ചു കുരുക്കു പോക്കണം. എതിരേനില്ക്കുന്നവന്മാരുടെ ചെവിക്കുററി വെടിക്കുററിയാക്കിയേക്കണം. രാജ്യം നന്നാകും.

---


# സന്ദർശിക്കുവിൻ! എവിടെ?

മുരുക്കുമ്പുഴ റെയിൽവേസ്റ്റേഷനുസമീപം സ്ഥാപിച്ചിരിക്കുന്ന ഞങ്ങളുടെ സ്റ്റേഷനറി കടയിൽ ചില്ലറ വ്യാപാരികൾക്കു് ആവശ്യമുള്ള സകലതും സ്റ്റേഷനറി സാമാനങ്ങളും കൂടാതെ, ഒന്നാംതരം പുകയില, സോപ്പുകൾ, വാസനദ്രവ്യങ്ങൾ, സിഗരററുകൾ, സുക്ക, ബീഡി ഇല മുതലായവ മിതമായ വിലക്കു് ഇവിടെ കിട്ടുന്നതാണ്.

മുരുക്കുമ്പുഴ; N. ശ്രീധരൻ & Co.

## മോഡേൺ കഫേ

സ്റ്റേററ് ട്രാൻസ്പോർട്ടാഫീസ് കൊല്ലം.

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാന്തരം സ്ഥാപനം.

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!

A.S.S. മാക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

# മൂന്നു വർഷത്തിനകം

## മെട്രിക്കുലേഷൻ ജയിക്കാം

ആദ്യമായി ഇംഗ്ലീഷ് അക്ഷരമാല തുടങ്ങി നലാംഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം സമ്പാദിക്കുന്നതിനു ഒരുകൊല്ലം.

രണ്ടാമതായി ഇംഗ്ലീഷും, മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പഠിക്കേണ്ട വിഷയങ്ങളുടെ പ്രാഥമികപാഠങ്ങളും പൂർത്തിയാക്കുന്നതിനു ഒരുകൊല്ലം.

മൂന്നാമതായി മദ്രാസ് മെട്രിക്കുലേഷൻ പരീക്ഷയ്ക്കാവശ്യമുള്ള വിഷയങ്ങൾ പഠിക്കുന്നതിനു ഒരുകൊല്ലം.

ഇപ്രകാരം ഇന്നു ഇംഗ്ലീഷ് അക്ഷരമാലപോലും വശമില്ലാത്ത ഒരാൾക്കു മൂന്നു വർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീട് ഇൻറർമീഡിയററ്, ബി. ഏ. മുതലായ ഉന്നതപരീക്ഷകളും. അപേക്ഷകർ ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ച് കൂടുതൽ വിവരത്തിന് രണ്ടണ സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

മാനേജർ **കേംബ്രിഡ്ജ് കാളേജ്**

കൈതമുക്ക്, (V. K.) തിരുവനന്തപുരം.

N. B. E. S L. C. ജയിച്ച കാളേജ് വിദ്യാഭ്യാസത്തിനു സൌകര്യം ലഭിച്ചിട്ടില്ലാത്തവർക്കു പ്രൈവററായി Intermediate ജയിക്കാം. പൂർണ്ണവിവരത്തിനു 4-ണ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

## ആലപ്പി സിൽക്ക ഹൌസ്

കല്ലൻറോഡ്, ആലപ്പുഴ
(മുല്ലക്കൽ ബ്രാഞ്ച്)

ഒന്നാംതരം സിൽക് സാരികൾ, പട്ടു, ചീട്ടി, ഷർട്ടിംഗ്, ഇവകൂടാതെ എല്ലാത്തരം ജൌളിത്തരങ്ങളും മിതമായ വിലക്ക വില്പനയുണ്ട്.

പ്രൊപ്രൈററർ
**ഭീമാ & ബ്രദർ.**

## ആവശ്യമുണ്ട്.

"വികടകേസരി"ക്ക് ഏജൻറന്മാരെ ആവശ്യമുണ്ട്. ഒററപ്രതി **2.** ണ പ്രകാരം ആവശ്യമുള്ള കോപ്പികളുടെ ഓരോ ഇംഗ്ലീഷുമാസം 15-ാം തീയതിക്കകം അയക്കാൻ കഴിവുള്ളവർമാത്രം അപേക്ഷിച്ചാൽ മതി. മാനേജർ.

## നാടകലോകത്തിൻെറ സുവർണ്ണാവസരം

നാടകാഭികൾക്ക് ആവശ്യമുള്ള നവീന സീനറികൾ കസേര, മേക്കപ്പ് ഇവയ്ക്കു ഞങ്ങളെ സമീപിക്കുവിൻ.

മാനേജർ: M. R. കുഞ്ഞുകൃഷ്ണൻ
സ്റ്റേഷനറി മർച്ചൻറ്,
കടയ്ക്കാവൂർ.

**പ്രൊ. കെ. രാഘവൻ**

## പത്മാ കഫേ

മുല്ലക്കൽ അമ്പലത്തിന് മുൻവശം
ആലപ്പുഴ.

ശുചിയും രുചിയുമുള്ള ആഹാരത്തിനും സുഖമായി താമസിക്കുന്നതിനും പററിയ സ്ഥാപനം.

## ഇപ്പോൾ വന്നുചേർന്നു

കച്ചവടക്കാരുടെ സുവർണ്ണാവസരം.
ഒന്നാംതരം സുക്ക, ബീഡി ഇല, സിഗാററുകൾ പലയിനം പുകയിലകൾ സ്റ്റേഷനറികൾ, കൂടാതെ പലചരക്കസാധനങ്ങളും. നിരാശയ്ക്ക് ഇടയാകാതെ ഉടൻ സമീപിക്കുവിൻ!

കുളത്തൂർ, അരശുംമൂട്, കഴക്കൂട്ടം.
പ്രൊ: S. ശിവശങ്കരപ്പണിക്കർ.

## അന്നപൂർണ്ണാലയം ഹോട്ടൽ

ചിന്നക്കട, കൊല്ലം

പ്രശസ്തമായ രീതിയിൽ നടന്നുവന്നിരുന്ന പ്രസ്തുത ഹോട്ടൽ പൂർവ്വാധികം ഭംഗിയാക്കിയിരിക്കുന്നു. യാത്രക്കാരുടേയും സ്ഥിരതാമസക്കാരുടേയും സൌകര്യത്തെ ഉദ്ദേശിച്ച് പ്രത്യേക മുറികളും കുളിപ്പുരയും തയ്യാർചെയ്തിരിക്കുന്നു.

മാനേജർ.

## ഉത്തരവാദിയല്ല.

വരിസംഖ്യ ആയാലും പരസ്യക്കൂലി ആയാലും ഏതൊരു തരത്തിലുള്ള പണമിടപാടായാലും മാനേജിംഗ് എഡിറററുടെ കൈഒപ്പോടുകൂടിയ രസീതിൻപടി അല്ലാതെ കൊടുക്കുന്നയായൊരു തുകക്കും ഞാൻ ഉത്തരവാദിയല്ലാത്തതുമാകുന്നു.

പത്രാധിപർ.

## ഇപ്പോൾ വന്നുചേർന്നു

ഒന്നാംതരം പുകയില, ബീഡിയില, സുക്ക, സിഗാററുകൾ, ചുരുട്ടുകൾ, വാസനദ്രവ്യങ്ങൾ, സോപ്പുകൾ ചില്ലറ വ്യാപാരികൾക്ക് പററിയ അവസരം. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുവിൻ.

കച്ചേരിക്കു സമീപം,
ആററിങ്ങൽ.

# "ഞാൻ ഗവർണ്ണരാകുമായിരുന്നു"

പി. വി. പാണ്ടനാട്ട്, ക്ഷമാപണസഹിതം

രംഗം 3

ചീ സെ. വസതി. ഭാര്യ അടുക്കള തിണ്ണയുടെ ഒരു പലകയിൽ ഇരിക്കുന്നു. മുൻവശത്തെ ഗേററിൽ കൂടെ പ്രവേശിച്ച ചിലർ അടുക്കളയുടെ വശത്തേക്കു വരുന്നു. മുൻപേ ഖദർവസ്ത്രം ധരിച്ച ഒരാളും പുറകെ ചില ചുമട്ടുകാരുമാണ് ആഗതർ. സ്ത്രീ എഴുനേല്ക്കുന്നു. ആഗതർ അടുത്തുചെന്നു ചുമടുതാഴ്ത്തു വയ്ക്കുന്നു. മുൻപേവന്ന ആൾ പരിചയ ഭാവത്തിൽ വിനയപൂർവ്വം പുഞ്ചിരിക്കുന്നു.

മിസിസ്സ് കെ. ജി. എം.—അദ്ദേഹം ഇവിടെ ഇല്ല എവിടെനിന്നു വരുന്നു?

ആഗതരിൽ പ്രധാനി—അറിയാം. ഇവിടെ അടുത്തുനിന്നു വരുന്നു.

മിസിസ്സ്—ഇതെല്ലാം എന്താണ്? എന്തിന്?

ആഗ.—ഇതെല്ലാം ഇവിടെ കൊണ്ടുവന്നതാണ്. കുറെ കൂട്ടാൻ വയ്ക്കാനുള്ളവ.

മിസിസ്സ്—അദ്ദേഹം ഇവിടെയില്ല.

ആ—ഇതു ഇവിടെ കൊണ്ടുവന്നതാണ്

മി—താങ്കൾ ആരാണ്? അറിയുന്നില്ലല്ലോ

ആ—ഞാൻ... ...വകുപ്പു സെക്രട്ടറിയാണ്.

മി—(വിനയം ബഹുമാനം എന്നിവയോടുകൂടി) ഓഹോ! അപ്പുറത്തുപോയിരുന്നാട്ടെ. കാണണമെങ്കിൽ അദ്ദേഹം ഒരു മണിക്കൂറിനകം വരും.

സെക്രട്ടറി.—കാണണമെന്നില്ല. ഇതെല്ലാം കൊണ്ടുവന്നു തരാൻ വന്നതാണ്.

മി.—എവിടെനിന്ന്?

സെ.—ഇതു് ഇവിടേക്കു തരാൻ വാങ്ങിച്ചതാണ്.

മി.—സ്വീകരിക്കാൻ നിവൃത്തിയില്ല. അദ്ദേഹം വരാതെ (സ്വീകരിക്കയില്ലെന്നു മുഖഭാവം)

സെ.—അയ്യോ! ഇവ അദ്ദേഹം തന്നയച്ചതാണ്.

മി.—പറഞ്ഞിരുന്നില്ലല്ലോ.

സെ.—പറയണമെന്നുണ്ടോ? അദ്ദേഹത്തിനു അറിയാൻ പാടില്ലേ?

(മിസിസ്സ് മേനോൻ സാധനച്ചുമടുകളുടെ അടുക്കലേക്കു തിരിഞ്ഞു)

സെ.—(ഒരുവനെ നോക്കി) രാമാ! നീകൂടെ ഇവിടെനിന്നോ. കുഞ്ഞുങ്ങൾക്കു ചോറോ മറേറാ പള്ളിക്കൂടത്തിൽ കൊണ്ടുപോകാനോ, കടയിൽ പോകാനോ ഒക്കെ.

മി—(തിരിഞ്ഞു) ഇവിടെ ആൾ ആവശ്യത്തിനുണ്ട്. കൂടുതൽ ആൾ എന്തിന്? തന്നെയുമല്ല കൂടുതൽ ആൾ നിയമിക്കാൻ എനിക്കു പാടില്ല. അദ്ദേഹം വരട്ടെ.

സെ—ഇയ്യാളെ നിയമിച്ചതാണ്. ആഫീസ് പ്യൂൺ. എടാ! കൊച്ചമ്മ പറയുന്നതു അനുസരിക്കണം. കേട്ടോ!

രാമൻ—ഉത്തരവ്! (കുനിഞ്ഞു വാ പൊത്തി)

മി—ആഫീസ് പ്യൂണോ? വന്നിട്ടു നിന്നാൽ മതി.

സെ—അവൻ ഇവിടെ നിക്കട്ടെ. യജമാനൻ വരുമ്പോൾ കൊച്ചമ്മ വിവരം പറഞ്ഞാട്ടെ.

മി—കൊച്ചമ്മയോ? അയ്യോ! അങ്ങനെ നിങ്ങൾ പ്രായമുള്ളവർ വിളിക്കരുതു്. ഗുരുതപദോഷമാണ്.

സെ—അയ്യോ! നിങ്ങളെല്ലാം ഭാഗ്യശാലികൾ. ഞങ്ങൾ കീഴ് ജീവനക്കാർ, അവിടത്തെ കരുണ........

മി—അങ്ങനെയൊന്നും പറയരുതേ!

സെ—രാമാ! അതെല്ലാം പെറുക്കി അകത്തു വക്കു്.

രാമൻ—ഉത്തരവ്.

(രാമൻ സാധനങ്ങളുടെ അടുത്തു ചെല്ലുന്നു. ചുമട്ടുകാർ സഹായിക്കുന്നു. മിസിസ് കെ. ജി. മേനോൻ വേണ്ട നിർദ്ദേശം കൊടുക്കുന്നതിനു ബദ്ധശ്രദ്ധയാകുന്നു. മൂന്നര വയസ്സുള്ള ഒരു ബാലൻ പതുക്കെ അടുത്തുവരുന്നു. ശരീരത്തിൽ ചെളിയുണ്ട്. സെക്രട്ടറി ഷാൾ ഉടുപ്പിന്റെ പുറത്തു മടക്കിയിട്ടു കുട്ടിയെ എടുക്കുന്നു. കുട്ടി അമ്പരക്കുന്നു. പോക്കററിൽനിന്നു എന്തൊക്കെയോ എടുത്തു കുട്ടിക്കു കൊടുക്കുന്നു. കുട്ടി തൃപ്തനാകുന്നു. മിസിസ്സ് തിരിഞ്ഞുനോക്കി ഈ രംഗം കണ്ടു.)

മിസിസ്സ്—ഇതെന്തു്? കുട്ടാ! താഴെയിറങ്ങ്. അവനെ നിർത്തണം. മുഴുവൻ ചെളി.

സെ.—(ചിരി അഭിനയിച്ച്) കുഞ്ഞുങ്ങളായാൽ അങ്ങനെയൊക്കെ അല്ലയോ.

മി.—എടീ! നാണി! കുട്ടനെയങ്ങു വിളിക്കു!

(അണിയറയിൽ "കുട്ടോ! കുട്ടോ!" കുട്ടി താഴെയിറങ്ങി കൈയിലുള്ള സാധനങ്ങളുമായി പോകുന്നു. മിസിസ്സ് അവ കാണുന്നു.)

മിസി—എന്തേ അവന്റെ കൈയിൽ?

സെ—ഓ, കുഞ്ഞിനു കളിക്കാൻ ചില സാധനങ്ങൾ.

ഞാൻ ഇത്രടം വന്നപ്പോൾ യജമാനന്റെ കുഞ്ഞിനു വല്ലതും കൊടുക്കണ്ടേയോ?

മി—(ഈർഷ്യാഭാവത്തിൽ) യജമാനന്റെ കുഞ്ഞല്ല. ഇവിടത്തെ അടുക്കളക്കാരിയുടെ കുഞ്ഞാണ്. (സെക്രട്ടറി) ഇളിഭ്യനാകുന്നു. മററുള്ളവർ മുഖം പൊത്തി ചിരിക്കുന്നു.)

സെ—രാമാ! നീ ഇവിടെ നില്ക്കു് (മിസിസ് കെ. ജി എം. നെ നോക്കി) ഞങ്ങൾ പോകട്ടെ. യജമാനൻ വരുമ്പോൾ വിവരം പറഞ്ഞാട്ടെ (രാമനൊഴിച്ചുള്ള ആഗതർ പോകുന്നു)

മിസി—മി: രാമാ! നീ ങ്ങൾ അപ്പുറത്തു പോയിരിക്കണം. അദ്ദേഹം വരട്ടെ.

രാ—ഉത്തരവ് (പോകുന്നു)

(മിസിസ്സ് കെ. ജി. എം. ചിന്തയിൽ മുഴുകുന്നു. സ്വല്പം കഴിഞ്ഞു് ശ്രീ: കെ. ജി. മേനവൻ പ്രവേശിക്കുന്നു.)

മിസി—ഇതാ കുറെ സാധനങ്ങൾ ഒരു........(ഭാമ്മിച്ചു) എന്തോ വകുപ്പു സെക്രട്ടറിയാണെന്നു പറഞ്ഞു—അയാൾ കൊണ്ടുവന്നു.

മി: കെ: ജി—അറിഞ്ഞു

മിസിസ്—എങ്ങനെ?

മിസ്റ്റർ—ഓഫീസ് പ്യൂൺ രാമനല്ലേ അപ്പുറത്തു്? അയാൾ പറഞ്ഞു.

മിസിസ്സ്—ഇതെല്ലാം കൊടുത്തയച്ചതല്ലേ?

മി—അല്ല.

മിസിസ്സ്—പിന്നെ?

മി—ഇവിടത്തേക്കാണ്.

മിസിസ്സ്—എവിടെനിന്നു്

മി—അയാൾ വാങ്ങിച്ചതു്.

മിസിസ്സ്—അതിവിടെ?

മി—അതിവിടത്തേക്കു തന്നെ.

മിസിസ്സ്—എനിക്കൊന്നും മനസ്സിലാകുന്നില്ല.

മി—അതു ഇവിടത്തെ രീതിയാണ്. പക്ഷേ നമുക്കു അതുമാത്രം ആവശ്യമില്ലായിരുന്നു എങ്കിലും നിങ്ങളെ അവർ തെററിദ്ധരിപ്പിച്ചല്ലേ വാങ്ങിപ്പിച്ചതു്? അതു നിങ്ങളുടെ തെററല്ല.

മിസിസ്സ്—ഓഹോ! (മൂക്കിൽ വിരൽ വക്കുന്നു)

മി—(ചിരിച്ചു) ഇവിടത്തെ ഉദ്യോഗസ്ഥന്മാർ മേലുദ്യോഗസ്ഥന്മാർക്കു പിൻതുണ നൽകുന്നവരാണ്.

മിസിസ്—(സസന്തോഷം) ഈ പിൻതുണ വെളിക്കു വച്ചു കിട്ടിയിരുന്നെങ്കിൽ, അല്ല കൊടുത്തിരുന്നെങ്കിൽ ഇപ്പോൾ ഇവിടുന്നു ഒരു........

മി—(സോത്സാഹം ഞാൻ ഒരു ഗവർണരാകുമായിരുന്നു.

(കർട്ടൻ)


A.S.S. മാക്കു്
നാടൻ നല്ലെണ്ണ
A.S.S.
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

# വിശ്വവിലാസ് ഫാർമസി

പോത്തൻകോടു് A O.

വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രരീത്യാ, തയാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

**N. B.** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ—ഞങ്ങളുടെ "ബാലാമൃതം" ഉപയോഗിക്കുക—

വില കുപ്പി 1-ക്കു് 12 ണ.

പ്രൊ: എൻ. വിശ്വംഭരൻ വൈദ്യൻ

# വെളിച്ചെണ്ണ സോഷ്യലിസം

മഹാനായ പട്ടത്തിന്റെ ശ്മശാനസോഷ്യലിസം, കുസൃതിയായ ടി. എം. വർഗ്ഗീസിന്റെ അട്ടിമറിപ്പൻ സോഷ്യലിസം, പിന്തിരിപ്പന്മാരായ മന്ദശങ്കരന്മാരുടെ ഹിന്ദുമണ്ഡലസോഷ്യലിസം, വീരശ്രീയായ സീ കേശവന്റെ മൂട്ടപറിച്ചിൽ സോഷ്യലിസം, നയചതുരനായ ടി. കെ-യുടെ അവസരസേവാ സോഷ്യലിസം അനക്ഷരനായ കുമ്പളത്തിന്റെ അസ്ഥിയെരുപ്പും ഗുസ്തിയും സോഷ്യലിസം, വായാടിവിദഗ്ദ്ധനായ സീ. നാരായണപിള്ളയുടെ വാചകസോഷ്യലിസം; ത്രിലോകകള്ളൻ കുട്ടനാടന്റെ ഇരുന്തുരൂപാ സോഷ്യലിസം പ്രധാനമന്ത്രി സുഹൃത്തെന്നു നാണമില്ലാതെ—തന്നെത്താനെ എഴുതിവിടുന്ന കെ. ബാലകൃഷ്ണന്റെ അട്ടക്കള സോഷ്യലിസം, വീടില്ലാക്കുഞ്ഞുരാമന്റെ വിഢിത്ത സോഷ്യലിസം എന്നിങ്ങനെയുള്ള പലജാതി സോഷ്യലിസങ്ങളെ നിശിതനിശിതമായി വിമർശിച്ചു തള്ളിക്കൊണ്ടു ഇതിലൊക്കെയും ശ്രേഷ്ഠമാണു് തന്റെ വെളിച്ചെണ്ണ സോഷ്യലിസമെന്നു മഹാ മഹിമ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ തിരുവടികൾ പാറശാല വച്ചു പ്രഖ്യാപിച്ചിരിക്കുന്നു. പനമ്പിള്ളിയുടെ അഗാധമായ അറിവും അതിലും അഗാധമായ ആത്മാർത്ഥതയും വീണ്ടും, അഗാധമായ രാജ്യതന്ത്ര പരിജ്ഞാനവും, ഊഞ്ഞാൽപാട്ടാക്കി ഇന്നു റഷ്യയിൽ കുട്ടികൾ പാടി രസിക്കുന്നു, എന്നു് എ. കെ. ഭാസ്കർ എന്ന മഹാൻ പറഞ്ഞിട്ടുണ്ടു്. വിശ്വസിക്കാതിരിക്കാൻ സാദ്ധ്യമാണോ? ഇദ്ദേഹം ഭാരതസ്വാതന്ത്ര്യസമരകാലത്തു് ഗാന്ധിയുടേയും നെഹ്റുവിന്റേയും വലംകയ്യായിനിന്നു പൊരുതിയെന്നും ദീർഘകാലം ജയിൽവാസം അനുഭവിച്ചു എന്നും, പാഴ്ത്തുറുങ്കിൽ തേച്ച കുളിയില്ലാതെ അങ്ങനെ ഏറെനാൾ കിടന്നുപോയതിനാലാണു് പുള്ളിക്കാരൻ ശകലം കറുത്ത വികൃതരൂപമായിപ്പോയതെന്നും, അല്ലാതെ ജനങ്ങൾ സംശയിക്കുന്നനിലയിൽ അദ്ദേഹത്തിന്റെ 'പൈതൃകം' പിഴച്ചുപോയിട്ടല്ലെന്നും മറവുമായി വേറൊരു ഗവേഷകനും അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

ഏതായാലും അദ്ദേഹത്തിനൊരു സന്ദർഭംകൊടുത്തതു നന്നായി. കൊച്ചിയിൽ അദ്ദേഹം വെളിച്ചെണ്ണ സോഷ്യലിസം മുഴുവൻ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുമുമ്പു കേസായി എന്തുചെയ്യും. നല്ല കാര്യങ്ങൾ നടത്താൻ ജനങ്ങൾ അനുവദിക്കുന്നില്ല. യഥാർത്ഥം പറഞ്ഞാൽ ടെക്സ്റ്റുബുക്കു സോഷ്യലിസത്തെയും പഞ്ചസാര സോഷ്യലിസത്തെയുംകാൾ ജനങ്ങൾക്കു പ്രയോജനമുള്ളതാണു് വെളിച്ചെണ്ണസോഷ്യലിസം. ഒററയടിക്കു അഞ്ചരലക്ഷം ലാഭപ്പെടുത്താനുള്ള ഒരു വലിയ പദ്ധതിയാണതു്. മന്ത്രി കുഞ്ഞുരാമന്റെ കയർസോഷ്യലിസവും, തൃശ്ശൂർ ഡിസ്റ്റിലറി സോഷ്യലിസവും, പി. കെ കുഞ്ഞു നിരുപാധികം വിട്ടയപ്പുസോഷ്യലിസവും, വളരെ ആദായകരമാണെങ്കിലും അതിലൊക്കെയും മികച്ച ഒരു സ്കീം തന്നെയാണു് ഈ വെളിച്ചെണ്ണയിൽ കിടക്കുന്നതു്. പട്ടംതാണുപിള്ള പന്ത്രണ്ടിൽപരം കൊല്ലം ഈ രാജ്യത്തു നീളെയും കുറുകെയും ജനങ്ങൾക്കുവേണ്ടി ഓടിനടന്നു വിയർത്തു നാറിയിട്ടു് എന്തു സാധിച്ചു? ഒരു നല്ല പുരയിടമോ വീടോ വാങ്ങാനുള്ള കാശു ഉണ്ടാക്കാൻ കഴിഞ്ഞോ? പ്രധാനമന്ത്രിയായി, മൂത്തമകളുടെ കല്യാണവും നടത്തിയതിനു ശേഷമല്ലെ അദ്ദേഹത്തിനു നല്ലതിൽ ഒരു കാറെങ്കിലും സ്വന്തമായി ഉണ്ടാക്കാൻ കഴിഞ്ഞുള്ളു. എന്നാൽ മന്ത്രിയാകുന്നതിനു എത്രയോമുമ്പു എന്നു പറഞ്ഞാൽ ആ പ്രജാമണ്ഡലവുമായി കഴിയുന്ന അവസരത്തിൽതന്നെ—പനമ്പള്ളിക്കു ലക്ഷക്കണക്കിനു രൂപാ കണ്ടും എട്ടും പെരുമാറിയും കാശിനുള്ള കൊതി മുഴുവൻ തീർന്നിരുന്നു. വെറുതെ "രഘുപതിരാഘവരാജാറാം" ഉരുവിട്ടുകൊണ്ടു ജനങ്ങളെ കൊണ്ടു "കീജേ" വിളിപ്പിച്ചുനടന്നാൽ ഒടുവിൽ കുട്ടികൾ പട്ടിണിയാകും. ഈ പാഠം ഇന്നത്തെ മന്ത്രിസഭയെ വഴിയാംവിധം പഠിപ്പിച്ചു അവരെ നേർവഴിയിൽ നടത്തുന്ന മഹാനാണു് പനമ്പള്ളിയദ്ദേഹം. കയ്യിൽ കാശുള്ളവനു നാട്ടിൽ കടവും കിട്ടും. അതുകൊണ്ടുതന്നെയാണു മള്ളൂരദ്ദേഹം പറഞ്ഞതു് "നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടപ്പണം തീർത്തുകൊള്ളും" എന്നു. ഇന്നത്തെ മന്ത്രിസഭക്കു ക്രിമിനൽ നടപടികളിൽ മള്ളൂരും മററു കാര്യങ്ങളിൽ പനമ്പള്ളിയുമാണു് നിയമോപദേഷ്ടാക്കൾ. ഇത്രയും കാര്യങ്ങളുടെ വെളിച്ചത്തിൽ വേണം പനമ്പള്ളി പട്ടത്തെ സംബന്ധിച്ചു പറഞ്ഞ വർത്തമാനത്തെക്കുറിച്ചു ആരും എന്തും മനസ്സിലാക്കാൻ. അതില്ലാതെ കാര്യങ്ങളുടെ മൂട്ടും തലയും മനസ്സിലാക്കാതെ ഇറങ്ങിനിന്നുകൊണ്ടു—"കണ്ടില്ലെ, കിട്ടുകുറുപ്പേ, ആ ഗോവിന്ദമേനോൻ നമ്മുടെ പട്ടത്തെ എങ്ങനെയെല്ലാം ആക്ഷേപിച്ചു കളഞ്ഞു. ഇതു ക്ഷമിക്കാൻ ഒക്കുമോ ഇതിനു പകരം ചോദിക്കാതെ ഞാനിനി ജീവിച്ചിരിക്കില്ല കുറുപ്പേ' എന്നു തുള്ളിച്ചാടി പനമ്പള്ളിയുമായി ലഹളക്കിറങ്ങരുതു്. പനമ്പള്ളി പറഞ്ഞ വാ

# വോട്ടുകാലം

—കിട്ടുണ്ണി—

പാഠം 1.

വോട്ടുകാലം വരുന്നേരം
മുക്കു തോറും യോഗം കാണാം.
ആനവണ്ടി പോകുന്നേരം
ചൂഷകന്മാർ കാലുനക്കും.
വോട്ടുനീങ്ങി ഭരണമായാൽ
യാതനേടെ കാലമാകും.
പാവങ്ങൾ തൻ നെഞ്ചു കീറി
ഓടയിലേക്കാഞ്ഞെറിയും.
കൂലി വേണമെന്നു ചൊന്നാൽ
പിന്നെയിടി വണ്ടി തന്നെ.
ലാത്തികൊണ്ടു കുത്തുന്നേരം
സ്വർഗ്ഗം കാണാം പാവങ്ങൾക്കു്.
തോക്കു കൊണ്ടു ഭരിക്കുന്നേരം
ജനകീയം നമുക്കെല്ലാം.

## ചാക്കോ പററിച്ചു

പാഠം 2.

ചാക്കോ ചാക്കോ വീടെവിടെ
വീട്ടിൽ ജോലികൾ വേറില്ലേ!
വായും തുറന്നു അലറുമ്പോൾ
ഞങ്ങളു നിന്നോ കൂവീടും
ചാക്കോ ചാക്കോ നീ പോകു
കാംഗ്രസിൽ നിന്നിപ്പോഴേ
ഇല്ല നടപ്പില്ലക്കാര്യം
അയ്യോ ചാക്കോ പററിച്ചോ?

പാഠം 3.

ഒന്നാകം കാംഗ്രസിൽ പോരാടി കഴുകന്മാർ
ഇന്നയ്യോ മാംസത്തെ കൊത്തിത്തിന്നു!
നാട്ടിലേ കോമാളി നാട്ടാക്കൊരുച്ചാളി
താണിരുന്നാടുന്ന കൈക്കൂലി.

---

ഷകം തന്നെ എന്തായിരുന്നു. “ഹേ മഹാനായ നേതാവേ, താങ്കൾ എന്താണു് ഇന്നുവരെ സോഷ്യലിസത്തിനുവേണ്ടി ചെയ്തിട്ടുള്ളതു്. വെറുതെ ഭസ്മം പൂശി ശ്മശാനവൈരാഗ്യം കാണിച്ചാൽ മതിയോ” ഇത്രയുമായിരുന്നല്ലൊ പറഞ്ഞതു്. അതിനിങ്ങനെ കിട്ടുകുറപ്പിനെ സാക്ഷിനിറുത്തി എടുത്തു ചാടാൻ എന്തിരിക്കുന്നു. സോഷ്യലിസം, സോഷ്യലിസം എന്നു പനമ്പള്ളി പറയുന്നതു് സ്വന്തം കാര്യം നോക്കാനുള്ള ഒരുവക ഇസത്തെയാണു്. സ്വന്തം കാര്യം പട്ടം എന്തു സാധിച്ചു എന്നാണു ചോദ്യം. ഭരണദൂഷ്യങ്ങൾ കണ്ടു വൈരാഗ്യംകൊണ്ടു അതിനെല്ലാം ശ്മശാനത്തിലാക്കാൻ ശപഥം ചെയ്തു നടക്കാൻ വാർദ്ധക്യകാലമാകുമ്പോൾ സ്വന്തം കുടുംബകാര്യങ്ങൾ എങ്ങനെ നടക്കുമെന്നാണു്. ചോദ്യം പോയിരിക്കുന്നതു്. നേരല്ലേ? ഈ ആദർശവും മുദ്രാവാക്യവും കൂടി ഒരു കലത്തിനകത്തിട്ടു അടുപ്പിൽ വച്ചു കുറെ ഉപ്പും മുളകും ചേർത്തു് വേവിച്ചാൽ ആഹാരത്തിനു കൊള്ളുമോ?

അവനവന്റെ വിശപ്പു അടുത്തു നില്ക്കുന്നവനെയല്ല ബാധിക്കുന്നതു്. അതു് അവനവനെത്തന്നെ നേരിട്ടു ബാധിക്കുന്നു. വിശപ്പു വരുമ്പോൾ വേഷം മാറി നടന്നാലോ സ്ഥലം വിട്ടുമാറി നിന്നാലോ, പ്രതിഷേധം രേഖപ്പെടുത്തിയാലോ ഒന്നും രക്ഷയില്ല. ഒന്നുരണ്ടു പൗണ്ടു നല്ല സാധനം വേണ്ട നിലയിൽ ശരിപ്പെടുത്തി അകത്തയച്ചേ രക്ഷയുള്ളു. കുനിഞ്ഞിരുന്നു നല്ല ഏ.ക്ലാസ് സ്വാർത്ഥന്റെ നിലയിൽ തന്നെ അതു ഏതു സന്യാസിയും, മഹാത്യാഗിയും ജനനേതാവും നിർവഹിക്കുന്നതു്. പിന്നെന്തിനു് ഈ ഇസങ്ങളും ആദർശങ്ങളുമൊക്കെ പറയുന്നു. ഇതു മനസ്സിലാക്കിയിട്ടാണു പനമ്പള്ളിയദ്ദേഹം സ്വന്തകാര്യം സാധിക്കുന്നതിനു വെളിച്ചെണ്ണ സോഷ്യലിസം പ്രചരിപ്പിക്കുന്നതു്. അതിൽ ആരും അക്ഷമരാകേണ്ട. അവനവന്റെ കാര്യം ജയിക്കാൻ ഓരോരുത്തരും നോക്കണം. അതാണു് വെണ്ണിച്ചെണ്ണ സോഷ്യലിസത്തിന്റെ പരമതത്വം.

# ഫലിതപ്പൊടികൾ

(എം. കെ. എ.)

(കറിയാമാപ്പിള ഉണ്ടുകൊണ്ടിരിക്കുന്നു. ലക്ഷ്മി കറിയൊഴിക്കുന്നു.)

ഗൃഹനാഥൻ—ഇതെന്തോന്നാടീ ലക്ഷ്മീ!

ലക്ഷ്മി—ഇതു കറിയാ.

ഗൃഹനാഥൻ—എടീ ഈ ഇരിക്കുന്നതാരെന്നല്ല ചോദിച്ചതു്.

ലക്ഷ്മി—ഒഴിക്കുന്നതു കറിയാ. ഇരിക്കുന്നതും കറിയാ.

*     *     *     *

നാണി—എൻെറ ഭർത്താവു ശബരിമല പോകുന്നതിനാൽ താടി വളർത്തിയിട്ടുണ്ടു്.

കല്യാണി—എൻെറ ഭർത്താവും ശബരിമല പോകുന്നുണ്ടു്. പക്ഷേ താടിയല്ല, മീശയാണു വളർത്തിയിട്ടുള്ളതു്.

*     *     *     *

(രാവിലേ ഒരു നികുതി ഉദ്യോഗസ്ഥൻ ഒരു വീട്ടിൽ ചെന്നപ്പോൾ ഒരു കുട്ടിയേമാത്രം കാണുന്നു.)

ഉദ്യോഗസ്ഥൻ—എടാ! നിൻെറ ഛരൻ ഇവിടുണ്ടോ?

കുട്ടി—അച്ഛൻ നെല്ലുകുത്തുപുരയിൽ കയറി ഒളിച്ചിരിക്കുകയുംമറ്റുമല്ല. വെളിയിൽ പോയിരിക്കുകയാണു്.

ഉദ്യോഗസ്ഥൻ—അതെന്താ നീയങ്ങനെ പറഞ്ഞതു്.

കുട്ടി—രാവിലെ വെള്ളത്താടം ചക്രംചോദിക്കാൻ വരുമ്പോൾ അച്ഛനിവിടില്ലെന്നും പറഞ്ഞു് അയാളെ പറഞ്ഞയയ്ക്കണമെന്നാണച്ഛൻെറ ഏർപ്പാടു്. അതുകൊണ്ടു് നിങ്ങൾ നേരത്തേതന്നെ നടന്നേക്കണം.

*     *     *     *

മൂപ്പിലു്—ഞങ്ങടങ്ങേ ചെറുക്കൻ എത്ര നല്ലവനാണെന്നോ? നാഴികയ്ക്കു നാല്പതുപ്രാവശ്യം ഭസ്മം മുഖത്തുവാരിത്തേയ്ക്കും. വലിയ ഭക്തിയാണു്.

അന്യൻ—അയ്യോ മൂപ്പിലേ അതു പൗഡറാണു്.

മൂപ്പിലു്—അല്ലകുഞ്ഞേ! മണംപേരുത്തു് ഡപ്പീല്വരുന്ന നല്ല ഒന്നാംതരം ഭസ്മമാ. ഇതു തേച്ചാൽ വേഗം മോക്ഷംകിട്ടുമെന്നാ പറയുന്നതു്.

*     *     *     *

വിദ്യാർത്ഥി—ഫോർത്തിലെ ടെക്സ്റ്റു വന്നിട്ടുണ്ടോ?

കച്ചവടക്കാരൻ—ഇല്ല. തേഡ്ഫോറത്തിൻേറയും ഫസ്റ്റിൻേറതുമേ കിട്ടിയിട്ടുള്ളു.

വിദ്യാർത്ഥി—എന്നാൽ അതു രണ്ടും ഓരോന്നു തരേണ്ടണം. രണ്ടും ചേരുമ്പോൾ ഫോർത്തിൻെറ ഫലം ചെയ്യുമല്ലോ.

*     *     *     *

---


## THE RENUKA GOLDEN STORES

STATIONERY & GENERAL MERCHANTS.

KATTACHACONAM, TRIVANDRUM.

Prop: P Balakrishna Paniker.

എല്ലാത്തരം സ്റ്റേഷനറിസാധനങ്ങളും, വാഷിംഗ്, ടായിലററ്, സോപ്പുതരങ്ങളും ഹാർലിക്സ്, ഒവൽടിൻ, ഓട്ടുമിൽ, ഗ്ലാസ്കോ, പുകയില, സിഗരററ്, സുക്കാ, ബീഡി ഇല തുടങ്ങിയ സാധനങ്ങളും ന്യായമായ വിലക്ക് ഇവിടെ കിട്ടുന്നതാണു്. കച്ചവടക്കാർക്കു് പ്രത്യേക സൗജന്യം.

# ഇലക്ഷൻ ബഹളം

നെയ്യാററിൻകരയിലും നെടുമങ്ങാട്ടും എന്തു ബഹളമായിരുന്നു! ടി. കെ. മൂളി, കുഞ്ഞുരാമൻ മോങ്ങി, ഇടപ്പള്ളി ഗർജ്ജിച്ചു, പനമ്പള്ളി കരച്ചു, വരദൻ അലറി, ഹോ ഹോ എന്തുപൊടിപൂരമപ്പാ! മൈക്കഫിററ ചെയ്ത കാറുകൾ പാറപറാന്നോടി. കാറിൽ കയറിയിട്ടില്ലാത്തവർ കാറിൽതന്നെ ഊണും ഉറക്കവും. പണം കണ്ടിട്ടില്ലാത്തവർ പത്തുരൂപനോട്ടുകൊണ്ടു് പന്താടി. ഒരു രാഷ്ട്രീയഹോട്ടലുകാരൻെറ ജുബ്ബാപാക്കററുവഴി നോട്ടുകൾ അടന്നുവീണത്രേ: ആരുടെ പണമോ എന്തോ!

നിരണത്തുകാരനും കോട്ടയത്തുകാരനും നെടുമങ്ങാട്ടും നെയ്യാററിൻകരയിലും എന്തു് സ്വാധീനമാണു്. പക്ഷേ ആ ചേട്ടന്മാർ ഒത്തിരി എത്തിയിരുന്നു. പനമ്പള്ളി നെയ്യാററിൻകരയിൽനിന്നു് പട്ടത്തിനെ തെറിപറഞ്ഞുനോക്കി. ഏററില്ല. പക്ഷേ ചളുക്കുപററാതെ അദ്ദേഹത്തിനു് സ്ഥലംവിടാൻ കഴിഞ്ഞു.

ഓണംകേറാഗ്രാമങ്ങളിലും മന്ത്രിമാരെ കണ്ടു. അവക്കു് ഗ്രാമീണരുടെ ജീവിതം കാണാനും കഴിഞ്ഞു. അവരെക്കുറിച്ചു് ഗ്രാമീണക്കുള്ള അഭിപ്രായം ധരിച്ചുകഴിഞ്ഞിട്ടും അവർ ആ സ്ഥാനങ്ങളിൽ തുടരുന്നതു് ചങ്കുറംകൊണ്ടുതന്നെ, കട്ടപ്പം. മനക്കട്ടി മാത്രമല്ല; തൊലിക്കട്ടിയും.

രണ്ടിൻെറയും തിരഞ്ഞെടുപ്പുഫലം പ്രസിദ്ധപ്പെടുത്തി. ആരു ജയിച്ചു?

ആരുജയിച്ചെന്നോ! ഫലമറിഞ്ഞദിവസം കുറെ പേരെയൊന്നും പുറത്തു കണ്ടില്ല ടി. കെ. പൊടിടപ്പിയിൽ ഒളിച്ചു. കുഞ്ഞുരാമൻ കുടത്തിനകത്തു്. സി. നാരായണപിള്ള വീപ്പയിൽ. പനമ്പള്ളി പത്തായത്തിൽ. ചാക്കോ ചാക്കിൽ. ഫിലിപ്പോസു് ടയറിനുള്ളിൽ. വരദൻ കലുങ്കിൽ. ഇലങ്കത്തു് ബാങ്കറുടെ വീട്ടിൽ. പിന്നെ—

ഈ തിരഞ്ഞെടുപ്പു നൽകിയ ഫലമെങ്കിലും ഈ പുങ്കന്മാരുടെ കണ്ണു തുറപ്പിച്ചെങ്കിൽ—ഇനിയെങ്കിലും ഒന്നു നേരെചൊവ്വേ ഭരിച്ചെങ്കിൽ—!


## അംബികവിലാസം റെസ്റ്റാറൻറ്

മീനാംബികാതിയേററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചു് സ്ഥാപിച്ചിട്ടുള്ള ഏകസ്ഥാപനം.

ഏററവും രുചികരമായ പദാത്ഥങ്ങൾ ഏവക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ.

പ്രൊ: പി ശങ്കരൻനായർ.

സന്ദർശിക്കുവിൻ! ഒരിക്കൽ പരീക്ഷിക്കുക!

## ശാന്താബേക്കറി

പുളിമൂട്ട്—തിരുവനന്തപുരം

ഒന്നാംതരം കേക്കുകൾ, ബന്നുകൾ, സ്വീററുകൾ, ബിസ്കററുകൾ തുടങ്ങിയവ മിതമായ വിലക്കു് ഞങ്ങളുടെ കടയിൽ കിട്ടുന്നതാണു്.

മാനേജർ.

# ചോദ്യത്തിനുത്തരം

ചോ—പനമ്പിള്ളി മന്ത്രിയേ ഏബ്രഹാം ലിങ്കനോടുപമിച്ചിരിക്കുന്നല്ലോ ചിലർ. യോജിപ്പ് 'ശിക്ഷ'യായി. അല്ലേ?

ഉ—നമ്മുടെ എല്ലാ മന്ത്രിമാരും തന്നെ ലിങ്കന്മാരാണു്. ഏബ്രഹാംലിങ്കൻ ഒരു തടിവെട്ടുകാരനായി ജനിച്ചു് അങ്ങനെ....വളർന്നു; നമ്മുടെ മന്ത്രിമാർ ജനിച്ചതെങ്ങനെയുമാകട്ടെ, തടിവെട്ടുകാരായി' ജീവിക്കുന്നില്ലേ?

ചോ—തമിഴുനാട്ടു കാൺഗ്രസ്സിൻെറ ഒരു വാദം മന്ത്രിസഭ വിപുലീകരിക്കാതെ ഒരു തമിഴ്നാടനെ മന്ത്രിസഭയിലെടുക്കണമെന്നാണല്ലോ. എന്താണതിൻെറ അർത്ഥം?

ഉ—അർത്ഥമെന്താ,.........ഈജോൺഫിലിപ്പോസിനോട്ട് തമിഴർക്കിത്രവിരോധമായിരിക്കും.

ചോ—യാതനാപ്രതിഫലക്കമ്മററിയുടെ ചെയർമാൻ പദം രാജിവച്ചുകൊണ്ടു് സി. കേശവൻ പ്രസ്താവിക്കുന്ന 'ഗവമ്മെൻറിനു് ആത്മാർത്ഥതയില്ല' എന്നു് സി. കേശവൻ ഇങ്ങനെ പറയുന്നതത്ഭുതമല്ലേ?

ഉ—ഇത്രയും നാൾ കമ്മററി ചെയർമാൻ, ഡി. സി. സി. പ്രസിഡൻറ് എന്നീ സ്ഥാനങ്ങൾ വഹിച്ച മി. കേശവൻെറ മഹനീയ വ്യക്തിത്വം ഗവമ്മെൻറിനും പകരാതിരിക്കാൻ നിവ്വാഹമില്ലല്ലോ.

ചോ—ഇടപ്പള്ളി പറയുന്നു, ഡെമോക്രാററിക്കു് സോഷ്യലിസ്റ്റു പാർട്ടിക്കോ, മണ്ഡലത്തിനോ, ഐ. എസ്. പി യ്ക്കു തന്നെയോ ഒരു നിശ്ചിതപരിപാടിയുള്ളതായി താൻ കേട്ടിട്ടേ ഇല്ലെന്നു്! ശരിയാണോ?

ഉ—ശരിയാണു്! ഇടപ്പള്ളിക്കു കേൾക്കാൻ നിവൃത്തിയില്ലല്ലോ? "ഗദകബളിതമെൻറ കണ്ണുയുഗ്മം
വദനവിഭൂഷണമാത്രമായ് ചമഞ്ഞു"

ചോ–അക്രമപരിപാടിയുപേക്ഷിച്ചാൽ കമ്മ്യൂണിസ്റ്റു പാർട്ടിയ്ക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാമെന്നു സർദാർ പട്ടേൽ പറഞ്ഞിരിക്കുന്നു. എന്തൊരു നയം മാററം?

ഉ—ഇൻഡ്യ മുഴവൻ ഒന്നു നോക്കിയപ്പോഴാണു് ആർ. എസ്സ്. എസ്സിനും കോൺഗ്രസ്സിൽ ചേരാമെന്നു് നയം മാററിയതു്. ഇപ്പോൾ ഇൻഡ്യയ്ക്കു പുറമേയും നോക്കിത്തുടങ്ങി ബഹുമാനപ്പെട്ട സർദാർജി.

ചോ—ഈ 'ഐക്യകേരളം' ആരാണു്? ഇപ്പോൾ എവിടെയാണു് അറിയാമോ?

ഉ—കേളപ്പൻ എന്നൊരാൾ മോതിരമിട്ടു നിർത്തിയിരുന്ന ഒരു പെണ്ണാണു് ഐക്യകേരളം. 'വാപ്പാല'ക്കാരൻ ഒരു ചട്ടമ്പിയുടെ സഹായത്തോടുകൂടി അവൾ ഒളിച്ചോടി, വീട്ടുകാരുടെ സമ്മതം വക വയ്ക്കാതെ പറ


## പ്രിമിയർ ഹോട്ടൽ & റെസ്റ്റാറൻറ്

ശ്രീനാരായണകാളേജിനു സമീപം,

കൊല്ലം.

ശുചിയായും, രുചിയായും തയാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ

കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

പ്പൂർക്കാരൻ നാണു എന്നൊരാളുമായി രജിസ്റ്റർ വിവാഹം നടത്തിയെന്നാണു കേൾവി.

ചോ—കാൺഗ്രസ്സുകാർ പറയുന്ന "ഇപ്പോൾതന്നെ പകുതിയാക്കി വച്ചിട്ടുള്ള സൃഷ്ടിപരപ്രവർത്തനങ്ങളെല്ലാം അടുത്ത തിരഞ്ഞെടുപ്പോടുകൂടി പൂർത്തിയാക്കു"മെന്നു നടക്കുമോ?

ഉ—നടക്കും....അല്ലെങ്കിൽ നടത്തും. അർദ്ധപട്ടിണിക്കാരെ മുഴപ്പട്ടിണിയാക്കും അങ്ങനെ പകുതിയാക്കി വച്ചതു് മുഴുവനാക്കും. തീർച്ച.

ചോ—ആ പ്രചരണയോഗത്തിൽ പ്രസംഗിച്ചവരിൽ ആരാണു് ചീഫ്മിനിസ്റ്റർ? എനിക്കു മനസ്സിലായില്ല........

ഉ—കിടക്കാനിടവും, ഉടുക്കാൻ തുണിയും, കുടിക്കാൻ വെള്ളവുമില്ലാത്ത പാവങ്ങളുടെ കാര്യം പറഞ്ഞപ്പോൾ തൊണ്ടയിടറിയില്ലേ; കണ്ണു നിറഞ്ഞില്ലേ.... കൈ വിറച്ചില്ലേ........ആ മഹാനാണു് ചീഫ്മിനിസ്റ്റർ........

ചോ—ഏതാണു് ഏററവും രാഷ്ട്രീയപ്രബുദ്ധമായ താലൂക്കു്?

ഉ—നെടുമങ്ങാടും നെയ്യാററിൻകരയും. രാഷ്ട്രീയം ഓളം 'വെട്ടുക'യാണു്. അതുകൊണ്ടു മുറിവുമേററത്രേ.

ചോ—രാജ്യതന്ത്രം (Politics) എന്നുപറഞ്ഞാലെന്താണു്?

ഉ—ടി. കെ. നാരായണപിള്ള, മൈതാനം, വികാരാവേശം ഇവയുടെ സമുചിത സമ്മേളനം?

ചോ—കോൺഗ്രസ്സും ജോൺഫിലിപ്പോസും തമ്മിലെന്താണു ബന്ധം?

ഉ—പിള്ളേച്ചൻെറ പശു; നമ്മളെന്നാ ഊററിക്കറക്കുന്നു, തൊള്ളിവെള്ളം ചേർക്കുന്നു, വില്ക്കുന്നു, ചാവട്ടും ലാഭമെടുക്കുന്നു.

ചോ—ആരാണീ ഏ. ജെ. ജാൺ?

ഉ—മന്ത്രിസഭയിലെ അത്ഭുതമനുഷ്യൻ.

ചോ—കുറേ നാടൻചരക്കിറിക്കുന്നു. കോൺഗ്രസ്സ് ഗവമ്മെൻറിൻെറ നിലവാരം ഒന്നറിയിച്ചുതരാമോ?

ഉ—കോട്ടയത്തുനിന്നും പുറപ്പെടുന്ന 'മുതിരത്തൊലി' എന്ന പത്രത്തിൽ ഇങ്ങനെ കാണുന്നു:-

ആവേശം(പഴ) — ഏറു് പഴത്തൊലികൊണ്ടു്.

ടി മയ്യനാടൻ — ചാണകം- കരിങ്കൽചില്ലി.

ദേശീയം പാലാ — കോളജ്.

ടി നെയ്യാററങ്കര — കൂക്കുവിളി.

യാതന(തെളിവു്) — 25 ഏക്കർ ചേരിക്കൽ

ടി (പുക) — 15 ഏക്കർ

മൈതാന പ്രസംഗം (കുട്ടനാടൻ) - ഗളഹസ്തം

ടി (കപ്പടാമീശ) - സെക്രട്ടറിസ്ഥാനം.

പോളിററിക്സ് → 5½ ലക്ഷം,

(വടക്കൻ)

ചോ—മന്ത്രി കുഞ്ഞുരാമൻെറ സ്വാതന്ത്ര്യദിനപ്രസംഗംകേട്ടോ നിങ്ങൾ ? എങ്ങനെയിരുന്നു ?

ഉ-നല്ലതങ്ക എന്നൊരു സിനിമായുണ്ടു്. സിനിമാ തമിഴിലും സംഭാഷണ മലയാളത്തിലുമാണു്. അതുപോലിരുന്നു പ്രസംഗവും-പ്രസംഗം ടി. കെ. യുടെയും ശബ്ദം കുഞ്ഞുരാമൻേറയും.

---

## വിവാഹ മംഗളാശംസ

ആററങ്ങൽ കുഴിവിളാകത്തുവീട്ടിൽ ശ്രീ. മാധവൻപിള്ള അവർകളുടെ മകൻ ശ്രീ. ശ്രീധരൻ നായരും, ആററങ്ങൽ കൃഷ്ണവിലാസം ബംഗ്ലാവിൽ പരേതനായ ശ്രീ. കൃഷ്ണപിള്ളഅവർകളുടെ പുത്രി ശ്രീ. രാജലക്ഷ്മി അമ്മയും തമ്മിലുള്ള വിവാഹം 1950-സെപ്ററമ്പർ 1-നു- വധൂഗൃഹത്തിൽവച്ചു പ്രശസ്താതിഥികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നതിനു് ഞങ്ങൾ സ്വാത്മനാമംഗളമാശംസിക്കുന്നു.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S.
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

രണ്ടു പുതിയ പുസ്തകങ്ങൾ

## "വെള്ളാമ്പലുകൾ"

പത്തു സുന്ദരകഥകളുടെ സമാഹാരം. വില ഒരു രൂപാ.

"അദ്ധ്യാപകൻ" ഹൃദയസ്പൃശിയായ ഒരു നാടകം. N. കൃഷ്ണപിള്ള എം. എ യുടെ അവതാരികയോടു കൂടിയതു്. വില അണ 8.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാവേലിക്കര കെ. അച്യുതൻ
സംസ്കൃത കാളേജ്, തിരുവനന്തപുരം.



നവീന രീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കം, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവണിത്തരങ്ങളും, മററു ജൗളിത്തരങ്ങളും മിതമായ വിലയ്ക്കു് ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

ബി. പുഷ്പാംഗതപ്പണിക്കർ.
പഴകുററി, നെടുമങ്ങാട്.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ഓർഡർ അനുസരിച്ചു് മിതമായ വിലയ്ക്കു ചെയ്തുകൊടുക്കാൻ തയ്യാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണു്.

എം. ബാലൻ.
പോത്തൻകോട്.



## V. K. V. മെമ്മോറിയൽ A V. ഫാർമസി

നാവായിക്കുളം.

അനാരോഗ്യവാന്മാരായ യുവാക്കന്മാർക്കും, ക്ഷയം, കാസം, വലിവു്, ധാതുക്ഷയം, മുതലായവയാൽ നിരന്തരദുഃഖം അനുഭവിക്കുന്നവർക്കു് അശ്രാന്തപരിശ്രമത്താൽ തയാർ ചെയ്തുഞങ്ങളുടെ കരിമന്തി ലേഹ്യം ഏററവും ഉപയോഗപ്രദമത്രെ!

പരീക്ഷിച്ചറിയുക!

N. B. ഏതു പക്ഷപാതരോഗികളേയും രക്ഷപ്പെടുത്തുന്ന വാററുകോഴിതൈലം തയ്യാറുണ്ടു്.

ചാവറക്കോട്, പുരന്ദരൻവൈദ്യൻ.

# നാട്ടുവർത്തമാനങ്ങൾ

തലസ്ഥാനം:—ചെത്രർകട മുക്കിലെ ഒരു കരിംചന്തവ്യാപാരിയുടെ ഡിമാലഗ്ഗണേഷൻ രഹസ്യം വിശദമായി അടുത്തതിൽ. നാഷണൽഹോട്ടൽ പുതുവർഷത്തിന്റെ പുതുമയിലേക്കുള്ള നവീന ഉപകരണങ്ങളോടുകൂടി പ്രവർത്തനം തുടങ്ങിയിരിക്കുന്നതിൽ ശ്രീ. രാഘവപണിക്കരെ അനുമോദിക്കേണ്ടതുതന്നെ. സുകുമാരവിലാസം വൈദ്യശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ ഒരു ജൗളികടരഹസ്യം വഴിയേ. ചന്ദ്രികവിലാസം റെസ്റ്റാറന്റ് ഒന്നാംതരം മാണെന്നു അനുഭവസ്ഥർ പറയുന്നു. കററച്ചക്കോണം മുക്കിലുള്ള ഇരുവശങ്ങളിലുമുള്ള റോഡുകളിലേ ഓടകളിലേക്ക് മുൻസിപ്പാലിററിയുടെ കണ്ണുതെളിഞ്ഞു പതിയേണ്ടതാണ് റൗഡിശല്യം വർദ്ധിക്കുന്നു. ഹോട്ടൽ കോസ്മോ "ഓ.സ്, മാസാ" യായി കലാശിച്ചിരിക്കുന്നതായി സിററിയിലും പരിസരങ്ങളിലും ഒരു സംസ്സാരം നടക്കുന്നതായി മനസ്സിലായി. രേണുകാഗോൾഡൻ സ്റ്റോർ ചില്ലറ വ്യാപാരികൾക്ക് ഒരനുഗ്രഹമാണ്. പിലാംമൂട്ടിൽ കൊല്ലത്തുനിന്നും ട്രാ: ബസ്സുവഴി ചാരായകുപ്പി കന്നക്കിനുകൊണ്ടുവരുന്നില്ലെന്നു പലരും പറയുന്നു. എഡ്യുക്കേഷൻ ഡയറക്ടറാഫീസിലെ സെഷ്ൻസ്ക്ലാക്ക് ശ്രീ. മാധവൻനായർ കൃത്യനിഷ്ഠയുള്ള ഒരു യുവാവാണ്. ഊർജ്ജസ്വലനും, കാര്യബോധവും ഭരണനിപുണനുമായ പേഴ്സനൽ അസി: ശ്രീ വേലുപ്പിള്ളയേ അനുമോദിക്കേണ്ടതുതന്നെ. പേട്ടയിൽ ധനികനായ ഒരു ഡ്രൈവക്ക് പററിയ യക്ഷികഥ അന്വേഷണത്തിൽ. വസ്ത്രശുദ്ധിക്ക് ഏററവും പററിയതു ഗാമാനീലം സോപ്പാണെന്ന് അനുഭവസ്ഥർ പറയുന്നു. പാത്രവ്യാപാരം ശ്രീ മാധവൻതമ്പിയുടെ പാത്രക്കട ചാലകമ്പോളത്തിലേ ഒരു നല്ല സ്ഥാപനമാണ്. പഴവങ്ങാടി കോട്ടക്കകത്തു ഒരു രണ്ടുനില ബിൽഡിംഗിൽ റേഡിയോ ലേൺ എന്ന സ്ഥാപനത്തിൽ ഒരു യക്ഷിയും ഒട്ടി പിടിച്ചിരിക്കുന്നതായി മനസ്സിലായി.

കുളത്തൂർ—അരശുമൂട്ടിൽ യക്ഷികളുടെ ഒരു സങ്കേതസ്ഥാനമാണോ! മാധവവിലാസം റേഷൻ സ്റ്റോറിൽ വിതരണം സത്യസന്ധതയിലാണെന്നു നാട്ടുകാർ പറയുന്നതിൽ അതിശയിക്കാനില്ലതന്നെ.

കൊല്ലം—ചിന്നടക്കട മുക്കിലെ ഒരു വ്യാപാരിയുടെ 12 അണക്കുള്ള ബാററി കച്ചവടരഹസ്യം വിശദമായി അടുത്തതിൽ. ശ്രീ എ പി. കൃഷ്ണൻവൈദ്യൻ പാത്രം അറിഞ്ഞു ഭിക്ഷ ഇടുന്ന ഒരാളാണെന്നു തീർത്തു പറയാവുന്നതാണ്. റയിൽവേ സ്റ്റേഷനിൽ രാത്രികാലങ്ങളിൽ ഒരു യക്ഷി പ്രത്യക്ഷപ്പെടുന്നുണ്ടെന്നു മങ്ങാട്ടുവച്ചു മനസ്സിലായി. മെയിൻറോഡിൽ പത്മനാഭനാചാരിയുടെ സ്വർണ്ണക്കടയിൽ സകലവിധ സ്വർണ്ണാഭരണങ്ങളും സത്യസന്ധതയോടുകൂടി കിട്ടുന്നതാണ്. മായം കാണിക്കുന്ന വ്യാപാരികളുടെ പൂർണ്ണവിവരം അന്വേഷിച്ചു അടുത്തതിൽ. ഉണ്ടക്കല്ലും ഒരുവൻ കുഴപ്പവും വഴിയേ പറയാം.

പരവൂർ—കമ്പോളത്തിലെ ചില കരിഞ്ചന്തപ്രേമികളുടെ ലിസ്റ്റ് അടുത്തതിൽ. മാസിക വിലാസക്കാർക്കുതന്നെ അഞ്ചൽമാൻ കൊടുത്താൽ കൊള്ളാം.

**M. A. M. ഹനീഫ് & ബ്രദർ**

പാത്രവ്യാപാരം

ചാല, തിരുവനന്തപുരം.

കുടിൽമുതൽ കൊട്ടാരംവരെ നിത്യ ഉപയോഗത്തിനുള്ള സകലതരം വെങ്കല പാത്രങ്ങളും ഉത്തരവാദിത്വത്തോടുകൂടി ഇവിടെ കിട്ടുന്നതാണ്. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുവിൻ.

വിനോദമാസികയാണെന്ന വിചാരിക്കരുതെ! മി. ചിന്നകണ്ണ് ആചാരിയുടെ കടയിൽ നവീനരീതിയിലുള്ള സ്വർണ്ണഉരുപ്പടികൾ കിട്ടുന്നതാണ്.

കായംകുളം—കമ്പോളത്തിലെ ഒരു വ്യവസായിയുടെ ദുർമാർഗ്ഗപ്രവർത്തികൾ അന്വേഷണത്തിൽ ഹിമാലയൻ ക്ലബ് ഡ്രിംഗ് ഉത്തരോത്തരം അഭിവൃദ്ധിയിൽ ടൌണിൽ കൊതുകുശല്യം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. മുൻസിപാലററിയുടെ ശ്രദ്ധ തെളിഞ്ഞുപതിയേണ്ടതാണ്. പോ: ഇൻസ്പെക്ടർ മി. വേലുക്കുട്ടി നായർ ഒരു ഭരണമേധാവിയാണെന്ന എത്ര തവണ പറഞ്ഞാലും മതിയാകുന്നതല്ല. ഡി. ആശുപത്രികാര്യം അടുത്തതിൽ.

ഓച്ചിറ—സബ്ബ്‌രജിസ്ട്രാർ കച്ചേരി വരുന്ന കൃഷ്ണപുരംമുക്ക്, നാളികേരഗവേഷണശാല ഒരു റേഷൻ ഡിപ്പോ ഇവ അടുത്തതിൽ.

ആലപ്പുഴ—പാലസുറോഡിലേ ഒരു സോപ്പുകമ്പനിയിലെ സോപ്പുവേല വിസ്തരിച്ചു അടുത്തതിൽ. വലിയ ചുടുകാട്ടിൽ ശവശരീരങ്ങളെ ദഹിപ്പിക്കാതെ കുഴിച്ചുമൂടുന്നതു് നിമിത്തം റോഡ്അരികിൽ കൂടി മനുഷ്യർക്ക് സഞ്ചരിക്കാൻ നിവൃത്തിയില്ലാതെ ആയിതീന്നിട്ടുണ്ടു് പട്ടികൾ കടിച്ചുതിന്നതിൻെറ ബാക്കികിടന്ന ചീഞ്ഞുനാറുന്നതു് മുൻസിപാലിററി കാണുന്നില്ലേ മുൻസിപ്പൽ കമ്മീഷണരുടെ സത്വരശ്രദ്ധ തെളിഞ്ഞു പതിയേണ്ടതാണ്. പുത്തനങ്ങാടിയിലെ ഒരു നൂൽ വിതരണകാരൻെറ ഡിമാലഗുണ്ട പ്രയോഗം അടുത്തതിൽ. വഴിതെററിവരുന്ന യക്ഷികൾക്ക്-ബോട്ടുജട്ടി ഒരനുഗ്രഹമാണെന്ന മുല്ലക്കൽ ഭഗവതിപറഞ്ഞു മനസ്സിലായി. വസൂരുക്കൾക്ക് ഏററവും പററിയ ഒന്നാംതരം സോപ്പുകൾ ഫൺസാണെന്ന അനുഭവസ്ഥർ പറയുന്നു. മുല്ലയ്ക്കൽ പത്മാകേഫിൽ രുചിയും ശുചിയുംമുള്ള പാനീയപദാർത്ഥങ്ങൾ സദാ തയാർ. ഭീമാ ആൻറു ബ്രദറിൽ പുതുവത്സരത്തിൽ പുതിയരീതിയിലുള്ള എല്ലാവിധ സ്വർണ്ണാഭരണങ്ങളും വന്നുനിറഞ്ഞിരിക്കുന്നു. ചില ചുമ്മാകച്ചവടക്കാരുടെ സത്യസന്ധത അടുത്തതിൽ.

കോട്ടയം:—കൊല്ലം ടൗണിനെപോലെ പരിഷ്കരിച്ച പതിപ്പിലുള്ള മൂത്രപ്പുര ഇവിടെയും ഉണ്ടു്. യാത്രക്കാരായ പെണ്ണുങ്ങൾ ഈ ടൗണിൽ അകപ്പെട്ടാൽ മൂത്രം ഒഴിക്കുന്നകാര്യത്തിൽ അവർ കുഴങ്ങിയതുതന്നെ. മൂത്രപ്പുരയുടെ അടിവശം അങ്ങനെ തുറന്നുകിടക്കുകയാണ്. ഇതു ഒരു ഭയങ്കരഇടപാടാണെന്ന പറയാതെ തരമില്ല. പോ: ഇൻസ്പെക്ടർ ശ്രീ. ഒ. എം. കാദറുടെ സേവനം സ്തുത്യർഹമാണെന്ന കോട്ടയം ടൗണിൽ ഒരു സംസ്സാരം നടക്കുന്നു.

തട്ടാരമ്പലം:—മി: ജി. മാമൻ നെല്ലിത്തറയുടെ ഒരു കോഴി ഒരു ദിവസം രണ്ടുമുട്ട ഇട്ടതായി ന്യൂറനാട്ടു വച്ചു മനസ്സിലായി വിജയാഫാർമസി സാധുക്കളായ രോഗികളുടെ അഭയകേന്ദ്രമാണ്. വൈദ്യൻ എസ്സ്. എസ്സ്. പിള്ള പൊതുജനോപകാരിയാണ്.

കാരിക്കാട്ട്:—പുതിയവിള ദേശസേവിനി ഗ്രന്ഥശാലയിൽ ഒട്ടനവധി പ്രാവശ്യം വായനശാല അധികാരി സന്ദർശിച്ചിട്ടും ഗ്രാൻ്റ്നൽകാത്തതു് പുതിയവിളക്കാരോടുള്ള പ്രത്യേക വിരോധം കൊണ്ടാണെ


കൊല്ലത്തു വന്നുചേർന്നു.

# പുതിയതരം കുടകൾ!

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നുചേർന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

V. കുട്ടപ്പൻ പിള്ള, കുടവ്യാപാരം.
വടയാററുകോട്ട,-കൊല്ലം.

ന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നതു്. അനവധി പുസ്തകങ്ങളും പേപ്പറുകളും വാരികകളും, മാസികകളും മുള്ള ഈ ഗ്രന്ഥശാലയ്ക്കു് ഇനിയെങ്കിലും ഗ്രാൻറു നൽകണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. പുതിയ വിളക്കെ ഒരു ബ്രഹ്മരക്ഷസിൻെറ ശല്യം അടിക്കടി ഉണ്ടാകുന്നുപോൽ. ഉപയോഗശൂന്യമായി കിടക്കുന്ന ഒന്നു രണ്ടു കുളങ്ങളുടെ സംഗതി വില്ലേജ്യൂണിയൻകാരോ P W D അധികാരികളോ ശ്രദ്ധിച്ചാൽ നാട്ടുകാർ കൃഷിചെയ്തെങ്കിലും ജീവിച്ചുപോയേനേ. കായംകുളം സെക്ഷൻ ആഫീസറുടെ സത്രശ്രദ്ധ തെളിഞ്ഞു പതിയാൻ ആഗ്രഹിക്കുന്നു.

ആററിങ്ങൾ:—അംബികവിലാസം റെസ്റ്റാറൻറു് ഉടമസ്ഥൻ മി. ശാകരൻ നായരേ മാസിക എടുക്കാത്ത കാരണം കൊണ്ടു് സരോജം മാസികവഴി അക്ഷേപിച്ചതിനു സരോജം പ്രത്രാധിപരുടെ പേരിനു നിയമമനുസരിച്ചു കേസുകൊടുക്കുന്നതാണെന്നു ഒരു സംസാരം പരന്നിട്ടുള്ളതായി അറിയുന്നു. ന്യൂൽവിതരണ ന്യലാമാലകൾ വിശദമായി അടുത്തതിൽ തോട്ടയ്ക്കാട്ടുനിന്നും വരുന്ന ഒരു വിദ്യാർത്ഥിനി രഹസ്യ കഥകൾ വഴിയേ അഞ്ചലാഫീസിനു സമീപം സ്ഥാപിച്ചിരിക്കുന്ന മി ഭാർഗവൻ നായരുടെ പുഷ്പവ്യാപാരശാല ഒന്നിനുംന്നുമെച്ചംതന്നെ താലൂക്കു കച്ചേരിയിലെ ചില ഉള്ളുകള്ളികൾ വരുന്നു. പാസ്പോർട്ടിനു അപേക്ഷിച്ചു ചെല്ലുന്നവർ 5 രൂപാ രഹസ്യമായി കൊടുക്കണമെന്നു് ആളുകൾ പറയുന്ന സംഗതിയുടെ വിശദവിവരം അടുത്തതിൽ

പൂവംപാറ പാലത്തിനു സമീപം ഒരു റേഷൻ ഡിപ്പോഉടമസ്ഥൻ ശിക്ഷാർഹനായിട്ടും പരാതികൾ കുറയുന്നില്ല.

തോട്ടയ്ക്കാട്ട്:—വികടകേസരിയെ അന്വേഷിക്കുന്നവരെ കേസരിയും അന്വേഷിക്കുന്നുണ്ടു്. (വഴിയേ കാണാം.)

കടയ്ക്കാവൂർ;—ഹൈസ്കൂൾ സ്റ്റുഡൻസിൻെറ പരാതികൾ മാനേജർ ശ്രദ്ധിക്കണേ കുഴപ്പങ്ങൾ വലിച്ചു വയ്ക്കരുതേ!

മടവൂർ:—അരിച്ചാക്കുകൾ പറന്നാലു് യുവാക്കൾ തടഞ്ഞതും മററും കുറച്ചിലാണേ ശങ്കരപിള്ള അണ്ണാ!

തോന്നയ്ക്കൽ!—മണലകം P. S. ഹെഡ്മാസ്റ്റരുടെ പേരിലുള്ള പരാതികൾ സ്ഥലച്ചുരുക്കം കൊണ്ടു അടുത്തതിൽ ചേക്കാം.

ഐരൂർ:—കുഞ്ചു മുതലാളിയുടെ ദുഷ്പ്രചരണം കേസരിയോടു് എടുക്കരുതേ! സംഗതികൾ മുഴുവനും വെളിയിൽ ആക്കുമേ! ദേവസ്വം ശ്രീ ഹാര്യത്തിൻെറ ഡിമാലഗുണ്ടൻ വേലകൾ സാധു കീഴ്ജീവനക്കാരോടോ!

ഇടയ്ക്കോട്ട്;—പാർവത്യകാർ സർട്ടിഫൈ വാങ്ങാൻ ചെല്ലുന്നവരോടു ചുമ്മ ഒക്കുകയില്ലെന്നും, പ്യൂൺ പറയുന്നതേ കേൾക്കുകയുള്ളു എന്നും മററും ടോൾമുക്കിൽ ഒരു സംസാര ബഹളം. പ്യൂൺ ഒരിക്കൽ വെളിക്കായവനാണേ

കല്ലംപാലം:—പതിനൊന്നു പാക്കരി രാത്രി സർക്കീട്ടിനു ശ്രമിച്ചതും പൗരന്മാർ തടഞ്ഞതും പിന്നീടു വിട്ടതും ഓണ വിശേഷമാണെന്നു നാട്ടുകാർ പറയുന്നു.

നെടുങ്ങണ്ട:—മാസിക കിട്ടാത്ത മാസവരിക്കാർ വിവരം ആഫീസിൽ അറിയിച്ചാൽ മാസിക രണ്ടാമതും അയച്ചു തരുന്നതാണു്. (വേല ഇറക്കരുതേ!)

നാവായിക്കുളം:—കാഷ് ഫാക്ററി No 7. വാച്ചരുടേയും മററും അന്യ ആളുകളോടു പെരുമാറുന്ന നയം കുറച്ചുകൂടി പുരോഗമിച്ചാൽ കൊള്ളാം.

നെടുമങ്ങാട്:—കല്ലൻ പാറ ആററിൽ രാവിലെ ഏഴുമണിക്കു് കുളി നടത്തുന്ന ഒരു ലോലക്ക രഹസ്യം വിശദമായി അടുത്തതിൽ "വികടകേസരി" ഒററപ്പാറ കച്ചേരിമുക്കിൽ ന്യൂസ് ഏജൻറ് ശ്രീ: തങ്കപ്പൻപിള്ളയുടെ കടയിൽ കിട്ടുന്നതാണു്.

പനവൂർ.—പട്ടമ്പിശല്യം വളരെ വർദ്ധിച്ചിരിക്കുന്നതിനാൽ സാധുക്കൾക്കു് കിടക്കപ്പൊറുതിയില്ലാതായിത്തീർന്നിട്ടുള്ളതു്, അധികൃതർ ശ്രദ്ധിക്കണേ!

പോത്തൻകോട്:—വാവറ അമ്പലത്തിനു സമീപം ആലുംമൂട്ടിൽ യക്ഷിയും കലാനിധിയുമടുത്തതിൽ ററീഷാപ്പുകാരനു പകർച്ചവ്യാധിയുണ്ടെങ്കിൽ ആ കടയിൽ ആരും പോകണ്ട. മീശക്കാര്യം വരുന്നു

പുല്ലമ്പാറ:—നെളം കൈതയിലും ആററും പുറത്തും ഗോവധം പുരോഗതിയിലത്രേ. കളപ്പുറത്തെ ദുസ്ഥാന പ്രണയ സംഗതികൾ അന്വേഷണത്തിൽ വെള്ളുമണ്ണടി വൈദ്യൻ ശേഷകാരിയെ പ്രണയിക്കുന്നുണ്ടെങ്കിൽ മററുള്ളവനെന്തു്: മാണിക്കൽ കോട്ടറ വീട്ടുനടയിൽ കഴിഞ്ഞയാണ്ടു കഥകളി നടത്തിയിട്ടു പണംകൊടുക്കാതെ വ്യവഹാരത്തിനും മററും ഇടയാക്കിയതു് ഭംഗിയായിരിക്കാം.

WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,
*PLEASE CONSULT*

# T. S. S. MANI & CO.,

**JEWELLERS AND DEALERS IN PRECIOUS STONES**

Tel: SELVAM — MAIN ROAD, TRIVANDRUM. — Phone 611



*Our Speciality:*

Reliable and Fashionable
Ornaments and Silverwares
Made to suit everyone's
TASTE and PURSE

## A TRIAL WILL CONVINCE



*Working Hours:-* 9-30 A. M. To 1-30 P. M.
4- P. M. To 8- P. M.

Every Saturday Holiday

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്.

### ച്യവനപ്രാശം ലേഹ്യം റാത്തൽ 1-ന് 3 രൂപ

ക്ഷീണശരീരങ്ങൾക്കു ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പ്, രക്തവാതം, ഈവകകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയാർ ചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

SWALLOW
TRADE MARK
BRAND

BROWN WINDSOR
TROM
SOAP.

സ്വാളോബ്രാൻറ സോപ്പുകൾ

ബാർ—ടിൻ—ക്യൂബ് മുതലായവ
പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിനു് ആകൎഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത
ആകൎഷകമായ നിറം—
ഹൃദ്യമായ വാസന.

ട്രാവൻക്കൂർ ഓയിൽമിൽസ്
ആലപ്പുഴ.

# റീഗൽകഫേ

ഫോൺ 278 പാളയം, തിരുവനന്തപുരം.

താമസത്തിനും വേണ്ട സകല സജ്ജീകരണങ്ങളും; യൂറോപ്യൻ രീതിയിലും; ഇൻഡ്യൻ, രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

**Prop: പി. വേലായുധൻ**

# വിജയമോഹൻപ്രസ്സ്

VIJAYA MOHAN PRESS
NEDUMANGAD

നെടുമങ്ങാട്ട്

ഞങ്ങളുടെ മുദ്രാലയത്തിൽ ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാത്തരം അച്ചടിവേലകളും ബുക്ക് ബയന്റിംഗ് മുതലായവയും മിതമായ ചാൎജ്ജിൽ ചെയ്തു കൊടുക്കുവാൻ എപ്പോഴും തയ്യാറാണ്.

മാനേജർ.

തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.